# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 32 THE ONLINE OFFICIAL NEWS BULLETIN 2021 July 24


## SEASON OF PENTECOST പെന്തിക്കോസ്തികാലം

| SUNDAY | MONDAY | TUESDAY | WEDNESDAY | THURSDAY | FRIDAY | SATURDAY |
|---|---|---|---|---|---|---|
| 25 ♪8 | 26 ♪4 | 27 ♪8  | 28 ♪4 | 29 ♪8 | 30 ♪4 | 31 ♪8  |
| 9th Sunday after Pentecost Comme. of Mar Epiphanios | | Comme. of Mar Shemavon Desthuno | | | | 735th Mem. Mar Gregorios Bar Hebraeus |

## പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അനുശോചന സന്ദേശം

सत्यमेव जयते

प्रधान मंत्री
Prime Minister

New Delhi
आषाढ़ 22, शक संवत् 1943
July 13, 2021

**His Grace Dr.Yuhanon Mar Diascoros,**

I am anguished to learn about the passing away of His Holiness Moran Mar Baselios Marthoma Paulose II, the Supreme Head of Indian Orthodox Church. Heartfelt condolences to the members of the Orthodox Church in this hour of grief.

His Holiness Moran Mar Baselios Marthoma Paulose II was an epitome of selfless service. His unassuming disposition helped spread the message of harmony and brotherhood far and wide.

He will always be remembered for a rich legacy of service and compassion. His ideals and values will continue to guide members of Orthodox Church.

I pray to the Almighty to grant strength to the followers to endure this irreparable loss.

May the departed soul rest in peace.

(Narendra Modi)

**His Grace Dr.Yuhanon Mar Diascoros**
Secretary to the Holy Episcopal Synod
Catholicate Place, P.O. - Devalokam
(Via) Muttambalam, Kottayam
Kerala - 686004



## കാതോലിക്കാ ബാവായുടെ കബറിടം സന്ദർശിച്ച് റാം മാധവ്

കോട്ടയം: ആർ.എസ്.എസ്. അഖില ഭാരതീയ കാര്യകാരി അംഗം റാം മാധവ് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർ ത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ കബറിടം സന്ദർശിച്ചു. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. സഖറിയാസ് മാർ നിക്കോളാവോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ എന്നിവർ ചേർന്നു സ്വീകരിച്ചു. കബറിടത്തിൽ പുഷ്പചക്രം സമർപ്പിച്ച റാം മാധവ് ഒരു മണിക്കൂറോളം അരമനയിൽ ചെലവഴിച്ച ശേഷമാണ് മടങ്ങിയത്.

മാർ മാത്യു അറയ്ക്കൽ, കോട്ടയം രൂപതാ വികാരി ജനറൽ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കുര്യാക്കോസ് വർഗീസ്, ആർ എസ് എസ് പ്രാന്ത കാര്യവാഹ് പി. എൻ. ഈശ്വരൻ, പ്രാന്ത സമ്പർക്ക പ്രമുഖ് കെ.ബി. ശ്രീകുമാർ, പ്രാന്തീയ കാര്യകാരി അംഗം എൻ. ശങ്കർ റാം എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.


## ഒമ്പതാം ഓർമ്മദിനം

ദേവലോകം: കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓർമ്മ കുർബ്ബാനയ്ക്ക് മാവേലിക്കര ഭദ്രാസന സഹായ മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് മുഖ്യകാർമികത്വം വഹിച്ചു. കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത, സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ആരാധനാ കലണ്ടർ

# “ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു”

## ഡോ. ഗീവർഗീസ് മാർ യൂലിയോസ്



വി. കൂടാരപെരുന്നാൾ മുതലുള്ള കാലത്തെ, ആരാധന വാർഷിക കലണ്ടറിൽ മഹത്വീകരണ കാലം അഥവാ തേജസ്ക്കരണ കാലം എന്ന് പിതാക്കന്മാർ വിളിക്കുന്നു. പെന്തിക്കോസ്തി കാലം സുവിശേഷ പ്രഘോഷണവും അതുമൂലമുള്ള പ. സഭയുടെ വളർച്ചയും ഒപ്പം വി. ശ്ലീഹന്മാരും അറിയിപ്പുകാരും സഹദേന്മാരും പിതാക്കന്മാരും ആയതിനുവേണ്ടി അനുഭവിച്ച കഷ്ടതകളും മരണവും അനുസ്മരിക്കുന്ന കാലമായിരുന്നെങ്കിൽ തേജസ്ക്കരണ കാലത്തിൽ കഷ്ടതകൾക്ക് അവസാനമുണ്ടെന്നും ക്രിസ്തുവിനെ സാക്ഷിച്ചവർ അവനിൽ മഹത്ത്വപ്പെടുകയും തേജസ്സിൽ ഉയർക്കപ്പെടുകയും ചെയ്യുമെന്ന ആശയത്തിനാണ് ഊന്നൽ നൽകുന്നത്.

“മുടികൾ മുടഞ്ഞവ നിരനിരയായ് ബലിപീഠത്തിലിരിപ്പുണ്ട്...” എന്ന എക്ബോയിൽ ഈ ആശയം വ്യക്തമാണ്. ശാരീരിക മരണം കൊണ്ട് അവസാനിക്കുന്നതല്ല ക്രിസ്തീയ ജീവിതം എന്നും; മറിച്ച് ക്രിസ്തുവിനുവേണ്ടി വെറുമയാക്കപ്പെട്ട് മരിക്കുന്നവർ നിത്യതയിൽ ജീവിച്ച് തേജസ്ക്കരിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ് ആരാധനാവർഷത്തിലെ ആറാമത്തെ കാലം (കൂടാരപെരുന്നാൾ മുതൽ സ്ലീബാ പെരുന്നാൾ വരെ) നമ്മെ പഠിപ്പിക്കുന്നത്.

ശൂനോയോ നോമ്പിന്റെ പശ്ചാത്തലത്തിൽ കൂടാരപെരുന്നാളിന്റെ മഹത്ത്വത്തിൽ ആരംഭിക്കുന്ന ഈ കാലത്ത് പ. ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാളിൽ മനുഷ്യകുലത്തിന് ലഭിക്കാവുന്ന ഏറ്റവും വലിയ മഹത്വവും അംഗീകാരവും പ. അമ്മയ്ക്ക് ലഭിച്ചുവെന്ന് നാം കാണുന്നു.

അപ്രകാരം മഹത്വീകരിക്കപ്പെടുവാനും “ഇവനെന്റെ പ്രിയ പുത്രൻ/പുത്രി എന്ന സാക്ഷ്യം പിതാവിൽ നിന്നും പുത്രനിലൂടെ പരിശുദ്ധാത്മ കൃപയാൽ കേൾക്കുവാൻ നമുക്കും സാധ്യമായി തീരട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.



## ഇടവകകളിൽ സ്ഥിതിവിവര ശേഖരണ സർവേ

ദേവലോകം: മലങ്കര ഓർത്തഡോക്സ് സഭ കേരളത്തിലെ വിവിധ ഇടവകകളിൽ നടത്തുന്ന സ്ഥിതിവിവര ശേഖരണ സർവേയുടെ ക്രോഡീകരണ ജോലികൾക്ക് ഇന്ന് ദേവലോകം കാതോലിക്കേറ്റ് ഓഫീസിൽ തുടക്കം കുറിച്ചു. വിവര ശേഖരണ സമിതി അംഗങ്ങളുടെയും വിവരസമാഹരണ വോളന്റിയർമാരുടെയും സംയുക്ത യോഗം പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യുഹാനോൻ മാർ ദീയസ്കൊറോസ് മെത്രാപോലീത്താ ഉദ്ഘാടനം ചെയ്തു.

ഡോ. സഖറിയാസ് മാർ നിക്കോളാവോസ്, ഡോ. ഗീവർഗീസ് മാർ യുലിയോസ്, വൈദിക ട്രസ്റ്റി ഫാ.ഡോ. എം. ഓ. ജോൺ എന്നിവർ ആശംസകൾ നേർന്നു. പ്രൊഫ. ജേക്കബ് കുര്യൻ ഓണാട്ടു സ്വാഗതവും ഫാ. പി. എ. ഫിലിപ്പ് നന്ദിയും അറിയിച്ചു. കേരളത്തിലെ എല്ലാ ഇടവകകളിലെയും വികാരിമാർ സത്വരമായി ഇടവകതലത്തിലെ വിവര ശേഖരണ ഫോറം ദേവലോകം കാതോലിക്കേറ്റ് ഓഫീസിലെ statsurvey@mosc.in എന്ന ഇമെയിൽ വിലാസത്തിൽ അയച്ചുതരണമെന്ന് മലങ്കര അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ അറിയിച്ചു. ഇത് സംബന്ധിച്ച കല്പനയും ഗൂഗിൾ ഫോമും ഏതെങ്കിലും ഇടവകയിൽ ലഭിച്ചിട്ടില്ലെങ്കിൽ ദേവലോകം കാതോലിക്കേറ്റ് ഓഫീസിൽ ബന്ധപെടണമെന്ന് (ഫോൺ 0481-2578499,9446334027) അദ്ദേഹം അറിയിച്ചു.




## Oxygen Concentrator-കൾ വിതരണം ചെയ്തു

പാമ്പാടി: ജർമ്മനിയിൽ പ്രവർത്തിക്കുന്ന Society of Divine Word എന്ന മിഷ്യനറി പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന Steyler Mission ന്റെ ഭാഗമായി കോവിഡ് എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇൻഡ്യയിൽ പ്രവർത്തിക്കുന്ന Arnold Social Service Society യുടെ നേതൃത്വത്തിൽ പാമ്പാടി ദയറായിൽ വച്ച് Kottayam Mission Project-ൽ ഉൾപ്പെടുന്ന പാമ്പാടി ആശാകിരൺ പാലിയേറ്റീവ് കെയർ സെന്റർ, പിറവം ജോസഫ് മാർ പക്കോമിയോസ് ആശുപത്രി, പ്രവിത്താനം മാർ കാവുകാട്ട് മെമ്മോറിയൽ ആശുപത്രി എന്നീ ആതുരാലയങ്ങൾക്ക് Oxygen Concentrator-കൾ വിതരണം ചെയ്തു. അന്തരീക്ഷത്തിൽ നിന്നും നേരിട്ട് ഓക്സിജനെ നൈട്രജനിൽ നിന്നും വേർതിരിച്ചാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ അനുഗ്രഹ പ്രഭാഷണം നടത്തി. പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ അധ്യക്ഷത വഹിച്ചു. ഫാ. റോബിൻ മർക്കോസ്, ഫാ. ഡോ. ഗീവർഗീസ് വെട്ടിക്കുന്നേൽ, സിസ്റ്റർ ബിന്നി, ജോസഫ് തോമസ് എന്നിവർ ആശംസകൾ നേർന്നു. Steyler Mission Managing Director ഫാ.ജോസഫ് സേവ്യർ അലങ്കാരം, പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു. കെ. ജോൺ, ഡോ. ജ്യോത്സന ടോം എന്നിവരുടെ നേതൃത്വത്തിലാണ് പ്രസ്തുത ചാരിറ്റി പ്രവർത്തനം നടക്കുന്നത്.

ലേഖനം

# യെരുശലേം പാത്രിയർക്കീസ്

## ഡെറിൻ രാജു

ക്രൈസ്തവമതത്തിലെ ഏറ്റവും പ്രധാനപെട്ട നഗരമാണ് യെരുശലേം. ക്രിസ്തു ജീവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റത് ആ പട്ടണത്തിൽ വച്ചായതിനാലാണ് യെരുശലേമിനു വലിയ സ്ഥാനം ലഭിച്ചത്. യെരുശലേമിന്റെ ആദ്യത്തെ പ്രധാനാചാര്യൻ കർത്താവിന്റെ സഹോദരനായിരുന്ന യാക്കോബ് ആയിരുന്നു. ഇദ്ദേഹത്തെയാണ് ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായുമെന്ന് അഞ്ചാം തുബ്ദേനിൽ നമ്മൾ ഓർക്കുന്നത്. ആദിമ സഭയെ സംബന്ധിച്ച സുപ്രധാനമായ ചില നിശ്ചയങ്ങൾ കൈക്കൊണ്ടത് എ.ഡി 50-ൽ യെരുശലേമിൽ കൂടിയ സമ്മേളനത്തിൽ വച്ചാണ്. യെരുശലേം സുന്നഹദോസ് എന്ന് അത് അറിയപ്പെടുന്നു. മാർ യാക്കോബായിരുന്നു അതിന്റെ അദ്ധ്യക്ഷൻ.

എ.ഡി 70-ൽ യെരുശലേം നഗരം നശിപ്പിക്കപ്പെട്ടു. പിന്നീടുള്ള രണ്ടര നൂറ്റാണ്ട് റോമാ സാമ്രാജ്യത്തിലെ ക്രൈസ്തവസമൂഹം വളരെയധികം പീഡിപ്പിക്കപ്പെട്ടു. എന്നാൽ 313 ലെ മിലാൻ വിളംബരത്തിലൂടെ ക്രിസ്തുമതം ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടു.

തുടർന്ന് സാമ്രാജ്യത്തിലെ ക്രിസ്തുമതത്തെയും നാലു ഭാഗങ്ങളിലായി വിഭജിച്ചു; നാലു പാത്രിയർക്കീസൻമാരുടെ കീഴിലാക്കി. റോം, അലക്സാന്ത്രിയ, എഫേസൂസ്, അന്ത്യോഖ്യാ. എന്നാൽ റോമാ സാമ്രാജ്യത്തിന്റെ തലസ്ഥാനം കുസ്തന്തീനോസ്പോലീസിലേക്ക് മാറ്റിയതിനെത്തുടർന്ന് എ.ഡി 381-ൽ എഫേസോസിലെ സിംഹാസനം കുസ്തന്തീനോസ്പ്പോലീസിലേക്ക് മാറ്റി.

ക്രിസ്തുമതത്തിലെ ഏറ്റവും പ്രധാനകേന്ദ്രമായിരുന്നു എങ്കിലും പുതിയ രാഷ്ട്രീയ പശ്ചാത്തലത്തിൽ യെരുശലേമിനു ലഭിച്ച സ്ഥാനം വളരെ പരിമിതമായിരുന്നു. കൈസറിയായുടെ മെത്രാപ്പോലീത്തായുടെ കീഴിലുള്ള ഒരു എപ്പിസ്കോപ്പ മാത്രമായിരുന്നു യെരുശലേമിന്റെ മേൽപ്പട്ടക്കാരൻ. ഈ പ്രശ്നം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് യെരുശലേമിന്നു ഒരു പ്രത്യേക പദവി (പാത്രിയർക്കീസ്) നൽകുവാൻ തീരുമാനിച്ചത്. ഹൂദായ കാനോൻ അത് ഇങ്ങനെ രേഖപ്പെടുത്തുന്നു; "പീലിപ്പോസ് കേസറിയായിലെ മെത്രാപ്പോലീത്തായുടെ അധികാരത്തിനു വിധേയമായി എപ്പിസ്കോപ്പാ സ്ഥാനമുണ്ടായിരുന്ന ഊർശ്ലേമിന് ഇനിമേലിൽ അഞ്ചാമത്തെ പാത്രിയർക്കീസെന്ന ബഹുമതി ഉണ്ടായിരിക്കേണ്ടതും, അവിടുത്തെ മേലധികാരം കേസറിയയിലെ മെത്രാപ്പോലീത്തയ്ക്ക് തന്നെ ഇരിക്കേണ്ടതും ആകുന്നു." (ഏഴാം അദ്ധ്യായം ഒന്നാം ഖണ്ഡിക) അതായത് കേസറിയായുടെ മെത്രാപ്പോലീത്തായുടെ കീഴ്സ്ഥാനി ആയിരിക്കുമ്പോഴും പാത്രിയർക്കീസ് എന്ന് യെരുശലേമിന്റെ മേൽപ്പട്ടക്കാരൻ സംബോധന ചെയ്യപ്പെട്ടു.

ഇങ്ങനെ റോമാസാമ്രാജ്യത്തിൽ അഞ്ച് പാത്രിയർക്കേറ്റുകൾ സ്ഥാപിക്കപ്പെട്ടു. എന്നാൽ 451-ലെ കൽക്കദോൻ സുന്നഹദോസിനോടനുബന്ധിച്ച് സഭയിൽ വിഭജനം സംഭവിച്ചപ്പോൾ വിവിധ സഭകൾ യെരുശലേം പാത്രിയർക്കീസ് എന്ന സ്ഥാനം നിലനിർത്തുവാൻ താൽപ്പര്യം കാണിച്ചു. അന്ത്യോഖ്യ, റോം, ഗ്രീക്ക്, അർമീനിയൻ സഭകൾക്ക് വിവിധ കാലങ്ങളിൽ യെരുശലേമിൽ പാത്രിയർക്കേറ്റുകൾ സ്ഥാപിക്കപ്പെട്ടു.

ഇങ്ങനെ സ്ഥാപിക്കപ്പെട്ട പാത്രിയർക്കേറ്റുകളിൽ അന്ത്യോഖ്യൻ സഭയുടെ കീഴിലുള്ള പാത്രിയർക്കേറ്റിലെ പ്രധാന തലവൻ ഇടക്കാലത്ത് സ്വീകരിച്ചിരുന്ന സ്ഥാനനാമമാണ് ഗ്രീഗോറിയോസ് എന്നത്. സുറിയാനി സഭയിലെ മൂന്നാമത്തെ സ്ഥാനി എന്ന അർഥത്തിലാണ് ഗ്രീഗോറിയോസ് എന്ന നാമം നൽകിയതെന്ന് ചിലർ രേഖപ്പെടുത്തിയിട്ടുണ്ട്. (ആദ്യ സ്ഥാനമായ പാത്രിയർക്കീസിന്റെ സ്ഥാനനാമമായ ഇഗ്നാത്തിയോസിന്റെ ആദ്യക്ഷരം സുറിയാനിയിലെ ആദ്യാക്ഷരമായ ഓലാഫും, രണ്ടാമത്തെ സ്ഥാനിയായ മഫ്രിയാനയുടെ സ്ഥാനാമായ ബസേലിയോസിന്റെ ആദ്യാക്ഷരം സുറിയാനിയിലെ രണ്ടാമത്തെ അക്ഷരമായ ബേത്തും, യെരുശലേം പാത്രിയർക്കീസിന്റെ അദ്യാക്ഷരം സുറിയാനിയിലെ മൂന്നാമത്തെ അക്ഷരമായ ഗോമാലും ആണ്.) ഇടക്കാലത്ത് നിന്നു പോയെങ്കിലും നമ്മൾ ഒന്നാം തുബ്ദേനിൽ അനുസ്മരിക്കുന്നത് ഈ യെരുശലേം പാത്രിയർക്കീസായിരുന്ന മാർ ഗ്രീഗോറിയോസ് എന്ന സ്ഥാനനാമമാണ്.



**ക്രൈസ്തവമതത്തിലെ ഏറ്റവും പ്രധാനപെട്ട നഗരമാണ് യെരുശലേം. ക്രിസ്തു ജീവിച്ച്, മരിച്ച്, ഉയിർത്തെഴുന്നേറ്റത് ആ പട്ടണത്തിൽ വച്ചായതിനാലാണ് യെരുശലേമിനു വലിയ സ്ഥാനം ലഭിച്ചത്. യെരുശലേമിന്റെ ആദ്യത്തെ പ്രധാനാചാര്യൻ കർത്താവിന്റെ സഹോദരനായിരുന്ന യാക്കോബ് ആയിരുന്നു. ഇദ്ദേഹത്തെയാണ് ഊർശ്ലേമിന്റെ ഒന്നാമത്തെ പ്രധാനാചാര്യനും പുണ്യവാനും ശ്ലീഹായും സഹദായുമെന്ന് അഞ്ചാം തുബ്ദേനിൽ നമ്മൾ ഓർക്കുന്നത്.**

1665-ൽ മലങ്കരയിൽ എത്തി വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങിയ മാർ ഗ്രിഗോറിയോസ് അബ്ദൽ ജലീൽ ഇപ്രകാരമുള്ള ഒരു യെരുശലേം പാത്രിയർക്കീസ് ആയിരുന്നു. ഇദ്ദേഹത്തിനു ആദ്യം നൽകിയ പേര് തീമോത്തിയോസ് എന്നാണു യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവാ 'ഇന്ത്യയിലെ സുറിയാനി സഭാ ചരിത്രത്തിൽ' രേഖപ്പെടുത്തിയിട്ടുണ്ട്. പാത്രിയർക്കീസ് പദവി നൽകുന്നത് പിന്നീട് നിന്നു പോയെങ്കിലും പിന്നീടും യെരുശലേമിലെ മെത്രാപ്പോലീത്താമാർ ഗ്രീഗോറിയോസ് എന്ന പേര് ഉപയോഗിച്ചിരുന്നു. 19-ാം നൂറ്റാണ്ടിൽ മർക്കോസിന്റെ മാളികയുടെ നവീകരണത്തിനായി ധനശേഖരണാർഥം മലങ്കരയിൽ എത്തിയ മാർ ഗ്രീഗോറിയോസ് അബ്ദുൾ നൂഹറോയും യെരുശലേമിന്റെ മെത്രാപ്പോലീത്താ ആയിരുന്നു. പ. പരുമല തിരുമേനിയോടുണ്ടായിരുന്ന വാത്സല്യത്തെ പ്രതിയാണ് പത്രോസ് തൃതിയൻ പാത്രിയർക്കീസ് അദ്ദേഹത്തിനു യെരുശലേം പാത്രിയർക്കീസിന്റെ സ്ഥാനികനാമമായിരുന്ന ഗ്രീഗോറിയോസ് നൽകിയതെന്നും ഒരു പാരമ്പര്യമുണ്ട്.

ഗ്രീക്ക്, അർമ്മീനിയൻ സഭകളുടെ പാത്രിയർക്കേറ്റുകൾ യെരുശലേമിൽ ഇപ്പോൾ ഉണ്ട്. പതിനൊന്നാം നൂറ്റാണ്ടിൽ റോമൻ സഭയുടെ ലത്തീൻ പാത്രിയർക്കേറ്റ് സ്ഥാപിക്കപ്പെട്ടു. ഇടക്കാലത്ത് പ്രവർത്തനത്തിൽ മാറ്റങ്ങൾ സംഭവിച്ചു എങ്കിലും 19-ാം നൂറ്റാണ്ടിൽ ഇപ്പോഴത്തെ നിലയിൽ പുന:സ്ഥാപിച്ചു. അന്ത്യോഖ്യൻ സുറിയാനി സഭയിൽ പാത്രിയർക്കീസ് എന്ന സ്ഥാനം യെരുശലേമിന്റെ മെത്രാപ്പോലീത്തായ്ക്ക് നൽകുന്നുമില്ല എന്നു നേരത്തെ കണ്ടിരുന്നുവല്ലോ. ഇതാണ് യെരുശലേം പാത്രിയർക്കേറ്റിന്റെ പൊതുവായ ചരിത്രവും നിലവിലെസ്ഥിതിയും.

❑

**അനുസ്മരണം**

# കുട്ടി... നന്നായി പഠിക്കണേട്ടോ

**ഡോ. എം. കുര്യൻ തോമസ്**



**ക**ത്തനാരു പട്ടത്തിനു പ്രീഡിഗ്രി അടിസ്ഥാന യോഗ്യത ആയിരുന്ന കാലത്ത് കുന്നംകുളം മങ്ങാട് സ്വദേശി കെ. ഐ. പോൾ കോട്ടയം പഴയ സെമിനാരിയിൽ പഠനത്തിനെത്തുന്നത് ബിരുദധാരിയായി ആണ്. ഡിഗ്രി അടിസ്ഥാന യോഗ്യത ആക്കിയ ശേഷം സെമിനാരിയിൽ കയറിപ്പറ്റാൻ പലരും ഇന്ന് സംഘടിപ്പിക്കുന്ന *തട്ടിക്കൂട്ട്* ഡിഗ്രിയല്ല. അന്നും ഇന്നും കടന്നുകൂടാൻ ഏറെ വിഷമമുള്ള ഫിസിക്സിലെ ബിരുദവുമായി.

കത്തനാർക്ക് ഒരു ഡിഗ്രിതന്നെ അലങ്കാരമായിരുന്ന അക്കാലത്ത് ഇതര ഭൗതീക മോഹങ്ങൾ ഒന്നുമില്ലാതിരുന്ന കെ. ഐ. പോൾ കത്തനാർ സെമിനാരി വിദ്യാഭ്യാസത്തിൽ തന്റെ ജ്ഞാനതൃഷ്ണ അവസാനിപ്പിക്കാൻ തയാറായില്ല. സെമിനാരി പഠത്തിനു ശേഷം കോട്ടയം സി.എം.എസ്. കോളേജിൽ നിന്നും സാമൂഹ്യശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവുമെടുത്തു. മെത്രാൻ സ്ഥാനമോഹമൊന്നുമല്ലായിരുന്നു അതിനു പിമ്പിൽ എറണാകുളം സെന്റ് മേരീസ് പള്ളി അസിസ്റ്റന്റ് വികാരിയായിരുന്ന കെ. ഐ. പോൾ കത്തനാരെ കിഴക്കിന്റെ മഹാനായ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ, പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് വിളിച്ച് അടുപ്പിച്ചത് *ഓടിച്ചിട്ടു പിടിച്ചാണ്*! അവിടെനിന്നും പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ എന്ന സ്ഥാനത്തേക്ക് എങ്ങിനെ എത്തിച്ചേർന്നു എന്നത് മറ്റാരേക്കാളും നന്നായി ഈ ലേഖകനറിയാം.

അക്ഷരത്തിന്റെയും പഠനത്തിന്റെയും വേദന പ. പിതാവിന് നന്നായി അറിയാമായിരുന്നു. എസ്.എസ്.എൽ.സി. കഴിഞ്ഞ് തുടർന്നു പഠിപ്പിക്കാൻ മാർഗ്ഗമില്ലെന്നു അറിയിച്ച പിതാവിന്റെ നിസഹായാവസ്ഥ. കൈത്താങ്ങേകിയ മാതുലന്റെ സഹായത്താൽ തൃശൂർ സെന്റ് തോമസ് കോളേജിൽ പ്രീഡിഗ്രി പഠനം. മാതുലൻ പ്രതിദിനം നൽകുന്ന ഒരു രൂപാ മൂലധനത്തിൽ 60 പൈസ വണ്ടിക്കൂലി. ബാക്കി നാല്പത് പൈസയ്ക്ക് നിലവാരം കുറഞ്ഞ ഹോട്ടലിൽ നിന്നും അരവയർ നിറയുന്ന *ജനതാ ഊണ്* എന്ന ഉച്ചഭക്ഷണം. ഇത് പഠന വൈഷമ്യത്തിന്റെ ഒരു ഏടു മാത്രം.



തുടർന്ന് ഭൗതികശാസ്ത്രം ഐശ്ചികവും ഗണിതശാസ്ത്രം ഉപവിഷയവുമായി തൃശൂർ സെന്റ് തോമസ് കോളജിൽത്തന്നെ ബിരുദപഠനം. കോളജ് ഹോസ്റ്റലിൽ താമസിക്കാൻ സാമ്പത്തിക സ്ഥിതി അനുവദിക്കാത്തതിനാൽ തൃശൂർ പടിഞ്ഞാറേക്കോട്ട സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിവക ദരിദ്ര വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽ താമസം. ഹോട്ടലൂണിന് വകയില്ലാത്തതിനാൽ ഭക്ഷണം സ്വയം വെച്ചു കഴിച്ചു. വാരാന്ത്യത്തിൽ സ്വമാതാവ് തയാറാക്കി നൽകുന്ന അച്ചാറാക്കി മുഖ്യ ഉപദംശം. എന്നിട്ടും പ്രതിമാസ ഹോസ്റ്റൽ ഫീസായ പത്തു രൂപ നൽകാൻ മാർഗ്ഗമില്ല.

ഈ ബുദ്ധിമുട്ട് മനസിലാക്കിയ ഹോസ്റ്റൽ വാർഡൻ കടവിൽ പൗലൂസ് ജഡ്ജി ഒരു നിർദ്ദേശം വെച്ചു. വാടക ഇളവുചെയ്യാം. പകരം രാവിലെയും വൈകിട്ടും പള്ളിയിൽ എണ്ണവിളക്ക് തെളിയിച്ച് നമസ്ക്കാരം നടത്തണം. പോൾ സന്തോഷപൂർവം നിർദ്ദേശം സ്വീകരിച്ചു. അങ്ങിനെ കെ. ഐ. പോൾ *പ്രാർത്ഥിച്ച്* തന്റെ ഡിഗ്രി പഠനം പൂർത്തിയാക്കി. അവിടെനിന്നും പഴയസെമിനാരിയിലേയ്ക്ക്.

ഇപ്രകാരം കഷ്ടപ്പെട്ടു പഠിച്ച പ. പിതാവിന് പഠനത്തിന്റെയും ഡിഗ്രികളുടേയും എഴുത്തിന്റെയും വില അറിയാമായിരുന്നു. അവയ്ക്കു പിന്നിലെ കഷ്ടപ്പാടും. വെറുതെ പേരിനു മുമ്പിൽ *ഡോ.* ചാർത്തി നടക്കുന്നവരെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന മനോഭാവം 2015-ൽ സെറാംപൂർ യൂണിവേഴ്സിറ്റി തനിക്കു വെച്ചുനീട്ടിയ ഹോണററി ഡോക്ടറേറ്റ് നിരസിച്ചതിൽ നിന്നും മനസിലാക്കണം. ഇന്ത്യയിലെ റോമൻ കത്തോലിക്കാ ഇതര വൈദീക സെമിനാരികളെല്ലാം അഫലിയേറ്റ് ചെയ്തിട്ടുള്ള സെറാമ്പൂർ യൂണിവേഴ്സിറ്റി നൽകാൻ തീരുമാനിച്ച യശസ്ക്കര ഡോക്ടറേറ്റ് അദ്ദേഹം നിരസിച്ചതിന്റെ കാരണമാരാഞ്ഞ ഈ ലേഖകനോട് പ. പിതാവ് പറഞ്ഞത് *എനിക്കതിന് യോഗ്യതയില്ല* എന്നാണ്. അതിനു വിശദീകരണവും അദ്ദേഹം നൽകി. *കുട്ടി... നിന്റേതുപോലെ കഷ്ടപ്പെട്ട് പഠിച്ചുണ്ടാക്കിയ ഒരു ഡോക്ടറേറ്റ് എനിക്കുണ്ടായിരുന്നെങ്കിൽ ഞാനിതു സ്വീകരിച്ചേനെ. പക്ഷേ എനിക്കതില്ല.* തന്റെ പേരിനു മുമ്പിൽ ഇല്ലാത്ത *ഡോ.* വെക്കാൻ താല്പര്യമില്ല എന്നു ചുരുക്കം.

എന്നാൽ പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന തന്റെ കൊച്ചുമക്കളെ അനുമോദിക്കാൻ അദ്ദേഹത്തിനു സന്തോഷമായിരുന്നു. വെറും വാക്കാലുള്ള അനുമോദനമല്ല; പ. പരുമല തിരുമേനിയുടെ രുപം കൊത്തിയ ഒരു മുദ്രയാണ് അവർക്ക് സമ്മാനിക്കുക. അതു വെറും *പൂച്ചുമെഡൽ* അല്ല. സ്വന്ത ചിലവിൽ കേരളത്തിലെ ഒരു പ്രമുഖ ജൂവലറി നിർമ്മിച്ച് ഹാൾമാർക്ക് സർട്ടിഫൈ ചെയ്ത

രണ്ടു ഗ്രാമിന്റെ ഒന്നാന്തരം പത്തരമാറ്റ് സ്വർണ്ണത്തിൽ തീർത്ത മെഡൽ! കൂട്ടത്തിൽ ഒരു ഉപദേശവും: *കുട്ടി... നന്നായി പഠിക്കണേട്ടോ.* ഇത് നേടാൻ ഭാഗ്യം ലഭിച്ച അനേകരുണ്ട്. സ്വീകർത്താക്കൾ ഒഴികെ ആരും അറികയില്ലാ എന്നു മാത്രം.

ഇതു മാത്രമല്ല, ബാലപ്രതിഭകളെ ഓർത്തിരുന്നു അനുമോദിക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. ഒരു നാലാംക്ലാസ് വിദ്യാർത്ഥിനിയുടെ ആദ്യ പുസ്തകം പ്രകാശനം ചെയ്തത് പ. പിതാവാണ്. രണ്ടു വർഷത്തിനു ശേഷം ആ സമർത്ഥയുടെ അടുത്ത കൃതി പ്രസിദ്ധീകരിച്ച വിവരമറിഞ്ഞ അദ്ദേഹം, അനുമോദന സൂചകമായി ഒരു സ്മാരക മുദ്ര ആ കുട്ടിക്ക് കൊടുത്തുവിട്ടു.

വായനയാണ് തനിക്ക് ഏറ്റവും ഇഷ്ടമെന്നും എന്നാൽ ജോലിത്തിരക്കുമൂലം ഇപ്പോൾ അതിനു സാധിക്കുന്നില്ലന്നും ഒരു ദശാബ്ദം മുമ്പ് പ. പിതാവ് പറഞ്ഞെങ്കിലും സമീപകാലം വരെ നന്നായി വായിക്കുമായിരുന്നു എന്ന് ഈ ലേഖകനറിയാം. ഈ ലേഖകന്റെതന്നെ ചില രചനകളിലെ സൂക്ഷ്മാംശങ്ങൾ ഉദ്ധരിച്ച് അമ്പരിപ്പിച്ച സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. തനിക്കു ലഭിക്കുന്ന ഒരു പുസ്തകം പോലും ഒരു വിധത്തിലും കൈമോശം വരുത്തുകയുമില്ലായിരുന്നു.

*...ലോകത്തിൽ വച്ച് ഏറ്റവും വലിയ യൂണിവേഴ്സിറ്റി നമ്മുടെ വീടാണ്. അവിടെ നിന്നും നമുക്ക് ലഭിക്കുന്ന ഒത്തിരി അറിവുകളുണ്ട്. അതിനേക്കാൾ വലിയ പാഠങ്ങൾ ലോകത്തിൽ എവിടെനിന്നും ലഭിക്കുകയില്ല...* ഇതായിരുന്നു മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയന്റെ വിദ്യാഭ്യാസ ദർശനം. വീട്ടിലെ ചിട്ടകളും സ്വന്ത പഠനത്തിന്റെ വേദനയും പ. പിതാവിനെ



ഉയർത്തിയത് അക്ഷരത്തെ സ്നേഹിക്കുകയും വിദ്യയെ ബഹുമാനിക്കുകയും ചെയ്യുന്ന ഒരു തലത്തിലേയ്ക്കാണ്. അപൂർവം ചിലർക്കു മാത്രം ലഭ്യമാകുന്ന സിദ്ധി.

❑

# ഉയർന്നു പൊങ്ങുന്ന മങ്ങാടിന്റെ സ്വപ്നം

**ജെയ്സൻ മോഹൻ മങ്ങാട്**

ഒരു നാടിന്റേയും നാട്ടുകാരുടെയും ആത്മീക വളർച്ചയെ പരിപോഷിപ്പിക്കുന്നത് എപ്പോഴും അവിടുത്തെ ആരാധനാലയങ്ങളാണ്. ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും ഓരോ പേരിട്ട് വിളിക്കുമെങ്കിലും അത് തുലനം ചെയ്തിരിക്കുന്നത് ഒരു അച്ചുതണ്ടിലാണ്. ആത്മീക വളർച്ചക്കു പുറമെ ഒരു നാടിന്റെ സംസ്കാര രൂപീകരണത്തിലും ആരാധനാലയങ്ങൾ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. പ്രത്യേകിച്ചും മങ്ങാട് പോലൊരു ദേശത്ത് അതിനെ ഉദാഹരണങ്ങൾ ഏറെയാണ്.

ആഘോഷങ്ങളും ആരാധനയും ഒരു മതത്തിനപ്പുറം ഒരു ജനതയുടെ വികാരമായി മാറുന്ന കാഴ്ച ഇവിടെ കാണാൻ കഴിയും. ആ നാട് ഇന്ന് വലിയൊരു സ്വപ്നത്തിനു പിന്നാലെ ഓടിക്കൊണ്ടിരിക്കുകയാണ്. അതെ മങ്ങാടിന്റെ പുണ്യ ഭൂമിയിൽ ഒരു നവദേവാലയം ഉയർന്നു വരുന്നു.

മങ്ങാട് നിവാസികൾ ആദ്യകാലങ്ങളിൽ ആരാധനക്കായി പഴഞ്ഞി പള്ളിയെയാണ് ആശ്രയിച്ചിരുന്നത്. ഞായറാഴ്ചകളിൽ നടന്ന് ആരാധനക്കായി പഴഞ്ഞിപള്ളിയിൽ പോയിരുന്നവരുടെ ഓർമ്മകൾ ഇന്നും നില നിൽക്കുന്നുണ്ട്. എന്നാൽ ആരാധനക്കായി സ്വന്തം മണ്ണിൽ ഒരിടം വേണം എന്ന ആഗ്രഹം മങ്ങാടുള്ള ഓരോ വിശ്വാസിയുടെയും മനസ്സിൽ അലയടിച്ചു കൊണ്ടിരുന്നു. ആരാധനക്കായി സ്വന്തമായി ഒരിടം എന്ന സ്വപ്നത്തിന് ആദ്യമായി ചിറകു മുളക്കുന്നത് വായനായോഗത്തിലൂടെയാണ്. തങ്ങളുടെ ആത്മീക വളർച്ചക്ക് വേഗം കൂട്ടിയ വായനായോഗത്തെ മങ്ങാട്ടുകാർ മാറോട് ചേർത്തു. പൂർവീകർ കാണിച്ചു തന്ന വഴി ഒരിക്കലും മറന്നു പോയിട്ടില്ല എന്നതിന് തെളിവാണ് ഇന്നും മുടക്കമില്ലാതെ നടക്കുന്ന വായനായോഗം.

എന്നാൽ വായനായോഗം എന്നത് ഒരു അടിസ്ഥാന ശില മാത്രമായിരുന്നു. ആ ശിലക്കു മുകളിൽ ഒരു ദേവാലയം ഉയർന്നു വരണം എന്നുള്ളത് അപ്പോഴും ഒരു സ്വപ്നമായി നിലകൊണ്ടു. ഈ സ്വപ്നത്തിന് ആക്കം കൂട്ടനെന്നവണ്ണം 1888-ൽ ഓലമേഞ്ഞ ഒരു പ്രാർത്ഥനാ മന്ദിരം പണി കഴിപ്പിച്ചു. കേവലം ഒരു പ്രാർത്ഥനാ മന്ദിരം എന്നതിനേക്കാൾ ഉപരിയായി നാടിന്റെ സാമൂഹ്യ മുന്നേറ്റങ്ങൾക്ക് ഒരു പ്രഭവകേന്ദ്രമായും പ്രാർത്ഥനാ മന്ദിരം നിലയുറപ്പിച്ചു.



പിന്നീട് 1930-ൽ ഒരു ലോവർ പ്രൈമറി സ്കൂൾ കൂടെ ഇവിടെ പ്രവർത്തനം ആരംഭിച്ചപ്പോൾ ആത്മീകമായും സാമൂഹ്യമായും വളർന്നു വരുന്ന ഒരു ജനതയെ ഈ മണ്ണ് വിഭാവനം ചെയ്തു.

ആദ്യ കാലങ്ങളിൽ T ഷേപ്പ് ആകൃതിയിൽ നിന്നിരുന്ന സൺഡേ സ്കൂൾ കെട്ടിടത്തിന്റെ കിഴക്ക് ഭാഗത്ത് നിര പലക കൊണ്ട് വേർത്തിരിക്ക രീതിയിൽ ഒരു മദ്ബഹാ നിർമ്മിച്ചാണ് പള്ളിയായി ഉപയോഗിച്ചിരുന്നത്. അതും മാസത്തിൽ ഒരു കുർബാന മാത്രം. എന്നാൽ സ്വന്തമായി ഒരു ദേവാലയം എന്ന മങ്ങാടുകാരുടെ സ്വപ്നത്തിന് തറക്കല്ലിടുന്നത് 1954 സെപ്തംബർ 17-നാണ്. സ്ലീബാദാസ സമൂഹ സ്ഥാപകനായ പത്രോസ് മാർ ഓസ്താത്തിയോസ് മെത്രാ

പൊലീത്തയാണ് മലങ്കരയിലെ മഹാ പരിശുദ്ധനായ പരുമല തിരുമേനിയുടെ നാമധേയത്തിൽ ദേവാലയത്തിന് ശിലാസ്ഥാപനം നിർവഹിച്ചത്. തുടർന്ന് 1955 ഡിസംബർ 30-ന് കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തയായിരുന്ന മാത്യൂസ് മാർ ഇവാനിയോസ് ആദ്യമായി ഇവിടെ താൽക്കാലിക മദ്ബഹായിൽ ബലിയർപ്പിച്ചു. അതുവരെയും പഴഞ്ഞി പള്ളിയുടെ കീഴിലായിരുന്ന ദേവാലയം 1960 ൽ സ്വതന്ത്ര ഇടവകയായി. ദേവാലയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കു ശേഷം 1967 മെയ് 8-ന് കൊച്ചി ഭദ്രാസനത്തിന്റെ യൂഹാന്നോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായാൽ നവീകരിച്ച ദേവാലയത്തിന്റെ കൂദാശ നടത്തപ്പെട്ടു.

ദേവാലയം സ്ഥാപിക്കപ്പെടുന്നത് 1955-ലാണെങ്കിലും 1888 മുതൽ വായനായോഗവും 1912 മുതൽ ഒരു സൺഡേസ്കൂളും ഇവിടെ പ്രവർത്തിച്ചിരുന്നു എന്നത് ചരിത്രം.

പിറവിയെടുക്കുന്ന പുതു തലമുറക്ക് ചരിത്രം പറഞ്ഞു കൊടുക്കുന്നതിൽ മങ്ങാട് എന്നും മുൻപന്തിയിൽ തന്നെയാണ്. ഒന്ന് തെളിച്ചു പറയുകയാണെങ്കിൽ ഇവിടുത്തെ തിരുമനസ്സ് കൊണ്ട് അതിനു കാണിക്കുന്ന ഉത്സാഹം ഒന്ന് കണ്ടറിയേണ്ടതു തന്നെയാണ്. ഞാൻ മുകളിൽ പറഞ്ഞ കാര്യങ്ങളിൽ വർഷങ്ങളുടെയും ഡേറ്റുകളുടെയും കണ്ടെത്തലിനായി മാത്രമാണ് മറ്റൊരാൾക്ക് കാതോർക്കേണ്ടി വന്നത് മറ്റുള്ളതെല്ലാം ആ ശ്രേഷ്ട്ടാചാര്യന്റെ വാക്കുകളിൽ നിന്നാണ് ഇവിടുത്തെ തലമുറ പഠിക്കുന്നത്.

മലങ്കര സഭക്ക് ഒരു കാതോലിക്കായെ സമ്മാനിച്ച മണ്ണാണിത്. ഈ ഇടവകയിലെ ഒരേയൊരു വൈദീക ശ്രേഷ്ഠൻ. മലങ്കരയിലെ മറ്റ് ഒരു ദേവാലയത്തിനും കിട്ടാത്ത ഭാഗ്യമാണ് മങ്ങാട് ഇടവകക്ക് കൈവന്നിരിക്കുന്നത്. കാതോലിക്കാ ബാവാ തിരുമനസ്സിന്റെ നേതൃത്വത്തിൽ ഒരു ദേവാലയം പണി കഴിപ്പിക്കുക എന്ന മഹാഭാഗ്യം.

മങ്ങാട് പള്ളിയുടെ ചരിത്രം ഇവിടുള്ള ചെറുപ്പം കുട്ടികൾക്കു വരെ പരിചിതമാണ് ആരോട് ചോദിച്ചാലും വായനായോഗത്തിന്റെ കാര്യവും സൺഡേസ്കൂളിന്റെ കാര്യവും ഒക്കെ എടുത്തെടുത്ത് പറയും. അതിനു പ്രധാന കാരണം എന്താണെന്നറിയാമോ?

പരിശുദ്ധ ബാവാ തിരുമനസ്സുകൊണ്ട് മങ്ങാട്ടേക്ക് എഴുന്നള്ളുന്ന അവസരങ്ങൾ ഒരുപാടാണ്. പെരുന്നാളുകൾക്കും തിരുമേനിയുടെ മാതാ പിതാക്കളുടെ ഓർമ്മ ദിവസങ്ങളിലും തുടങ്ങി പള്ളിയുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളിലും ബാവാ സജീവ സാന്നിധ്യമാണ്. എല്ലാ പരിപാടികളിലും ഇനിയിപ്പോ കുർബാന കഴിഞ്ഞുള്ള പ്രസംഗത്തിലാണെങ്കിലും തിരുമനസ്സിന്റെ സംസാരം ശ്രദ്ധേയമാണ്. തന്റെ സ്വന്തം വീട്ടിലെ മാതാപിതാക്കളോടും സഹോദരങ്ങളോടും എല്ലാം ഇടപഴകുന്നത് പോലെയുള്ള സംസാരം ഏതൊരു കേൾവിക്കാരനിലും കൗതുകമുണർത്തുന്ന ഒന്നാണ്. തിരുമേനിയുടെ ഒരു പ്രസംഗമെങ്കിലും കേട്ടിട്ടുള്ളവരിൽ ആ ഓർമ്മകൾ മങ്ങാതെ നിൽക്കുന്നുണ്ടാകും. പള്ളി മുറ്റത്ത് നിൽക്കുന്ന മാവിനെ പറ്റിയും കുട്ടികാലത്ത് അവിടെ കളിച്ചിരുന്നതിനെ പറ്റിയും തന്റെ ഗുരുക്കന്മാരെ പറ്റിയും തിരുമേനി ഇങ്ങനെ ആവർത്തിച്ച് ആവർത്തിച്ച് പറയുമ്പോൾ കേൾക്കുന്ന ഏതൊരാളുടെ കണ്ണിലും അത് ഒരു മനോഹര ചിത്രം പോലെ പതിയുന്നുണ്ട്. മങ്ങാടിനെ പറ്റിയും മങ്ങാട് പള്ളിയെ പറ്റിയുമുള്ള കഥകൾ തിരുമനസ്സ് കേൾവിക്കാരനിൽ നിറക്കുകയാണ്.

പുറത്ത് എവിടെ പോയാലും മങ്ങാട് പള്ളിയെ കുറിച്ചും പള്ളി പണിയെ കുറിച്ചും തിരുമേനി വാ തോരാതെ സംസാരിക്കാറുണ്ടെന്ന് പലരാലും പറഞ്ഞു കേട്ടിട്ടുണ്ട്. അത്രമാത്രം തിരുമേനിയുടെ മനസ്സിൽ ഈ നാടും നാട്ടുകാരും നിലകൊള്ളുന്നുണ്ട്.

പരിശുദ്ധ പുലിക്കോട്ടിൽ തിരുമേനിമാരുടെയും മറ്റു തിരുമേനിമാരുടെയും ദീർഘവീക്ഷണം മലങ്കരസഭയാകെ പ്രസിദ്ധമാണ്. എന്നാൽ അതിനോടൊപ്പം വരും കാലത്തിന്റെ തങ്ക ലിപികളിൽ പരിശുദ്ധ ബാവാ തിരുമനസ്സിന്റെ പേരും ചേർക്കപ്പെടും. പള്ളി പണിയുമായി ബന്ധപ്പെട്ട് സ്ഥലം മാറ്റപ്പെട്ടപ്പോൾ അവിടം ഒരു താഴ്ന്ന പ്രദേശമായിരുന്നു അത് ഉയർത്തികൊണ്ടുവരുന്നതിനു പകരം നമ്മുക്ക് അവിടെ ഒരു ഓഡിറ്റോറിയം പണിയാം എന്നത് തിരുമേനിയുടെ നിർദേശമായിരുന്നു. പഴയ പള്ളി പൊളിച്ചു നീക്കിയപ്പോളും യാതൊരു തടസ്സവും കൂടാതെ പുതിയ പള്ളിയുടെ താഴെ നിലയിൽ ഒരു മുടക്കവും കൂടാതെ കുർബാന ചൊല്ലാൻ കഴിഞ്ഞു എന്നത് തന്നെയാണ് ആ ദീർഘവീക്ഷണം.



പഴയ പള്ളി

പരിശുദ്ധ തിരുമനസ്സിന്റെ ഹിതം പോലെ തന്നെ ഇവിടുത്തെ ഓരോ മണൽത്തരിയും ആ ദേവാലയ പൂർത്തീകരണത്തിനായി ആഗ്രഹിക്കുന്നുണ്ട്. തിരുമേനിയുടെ നിർദേശമനുസരിച്ച് പ്രവർത്തിക്കുന്ന ഒരു വൈദീകനെയും കിട്ടി എന്നത് ദൈവ നിയോഗം.

പള്ളി പണിക്കായി ഓടി നടക്കുന്ന സാമുവേൽ അച്ഛൻ പലപ്പോഴും ഇവിടുത്തുക്കാർക്ക് ഒരു മോട്ടിവേഷൻ തന്നെയാണ്. സമർപ്പണത്തിന്റെ സമയങ്ങളിലെല്ലാം അച്ചന്റെ വാക്ചാതുര്യം കൊണ്ട് പൈസ വന്നു കൂടുന്ന കാഴ്ചക്ക് ഇടവക സാക്ഷിയായതാണ്.

മങ്ങാട് ഒരു പുതിയ ദേവാലയം എന്നത് ഇവിടുത്തുക്കാർക്ക് ഒരു ക്രൈസ്തവന്റെ മാത്രം കാര്യമല്ല നിറഞ്ഞു തുളുമ്പുന്ന മത സൗഹാർദ്ദം ഇവിടെ കാണാൻ കഴിയും. പള്ളി പണിക്കായി പണം നൽകിയവരുടെ ലിസ്റ്റിൽ ഇവിടുത്തെ അമ്പല കമ്മറ്റിയുണ്ട് മുസ്ലിം സഹോദരങ്ങളുണ്ട് ഇവിടുത്തെ പൂരാഘോഷ കമ്മറ്റിക്കാരുണ്ട്. ഒരിക്കലും ഉറവ വറ്റാത്ത പരിശുദ്ധ പാമ്പാടി തിരുമേനിയാൽ സ്ഥാനം നിർണയിക്കപ്പെട്ട കിണർ നാനാജാതി മതസ്ഥർക്ക് അഭയം നൽക്കുന്നത് പോലെ ഈ ദേവാലയം ഇന്ന് ഇവിടുത്തുക്കാർക്ക് ഒരു അഭയ കേന്ദ്രം തന്നെയാണ്.

ഭൂരിഭാഗം പണിയും പൂർത്തീകരിച്ച് കൂദാശക്കായി ഒരുങ്ങി നിൽക്കുമ്പോഴാണ് ആ ദുഃഖ വാർത്തയെത്തുന്നത് മലങ്കരയുടെ വലിയ ഇടയൻ മങ്ങാടിന്റെ പ്രിയപുത്രൻ ഇനിയില്ല എന്ന വാർത്ത. അന്ന് മങ്ങാടിന്റെ ഇടനെഞ്ച് കലങ്ങി നാടും നാട്ടുകാരും ഒരുപോലെ കണ്ണീർ വാർത്തു. പിതാവിന്റെ വരവും കാത്തിരുന്ന ദേവാലയത്തിനു മുന്നിൽ മെഴുകുതിരി നാളങ്ങൾ നിറഞ്ഞു. ഒരു സ്വപ്നം പൂർത്തിക്കരിക്കാൻ തിരുമനസ്സ് ഇനിയില്ല എന്നത് മാത്രമല്ല കാരണം തന്നേക്കാൾ ഏറെ തന്റെ ആരോഗ്യത്തേക്കാൾ ഏറെ സഭയെയും ഇടവകയേയും മക്കളേയും കരുതിയ ആ വലിയ ഇടയൻ ഇനിയില്ല എന്നത് ഇവിടുത്തുക്കാർക്ക് അത്ര പെട്ടെന്ന് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നല്ല. ജീവിച്ചിരുന്നപ്പോഴും നിത്യതയിലേക്ക് കടന്നുപോയപ്പോഴും തിരുമേനി സഭയുടെ കാവൽ പിതാവായി തുടരുന്നു. എന്നിരുന്നാലും ലോകപ്രകാരമുള്ള വേർപാടിന്റെ വേദന ജീവതാന്ത്യത്തോളം തുടരും. തിരുമേനിയെ സ്നേഹിച്ച അനേകരുടെ അവസ്ഥയും ഇതു തന്നെയായിരിക്കും. ജീവിച്ചിരുന്നപ്പോൾ അനേകരുടെ ആശ്രയമായ തിരുമേനിയുടെ കബറിടം ഇനി അവർക്കൊക്കെ അഭയസ്ഥാനമാകും. ഏവരേയും പ്രാർത്ഥിക്കാൻ പഠിപ്പിച്ച തിരുമേനിയുടെ മദ്ധ്യസ്ഥതയുടെ അനുഭവങ്ങൾ ലോകം പ്രകീർത്തിക്കുന്ന കാലം വിദൂരമല്ല.

പ. പിതാവിനെ സഭാമക്കളിലും സമൂഹത്തിലുമുണ്ടായിരുന്ന സ്വാധീനം, ലോകം മുഴുവൻ നിറഞ്ഞു നിന്ന സൗഹൃദങ്ങൾ,എല്ലാവർക്കും തിരുമേനിയോടുള്ള ആദരവ് എല്ലാറ്റിന്റെയും ആഴം അറിഞ്ഞത് തിരുമേനി കാലം ചെയ്തതിനു ശേഷമുള്ള ഓരോ ദിനങ്ങളിലുമായിരുന്നു. ആ പുണ്യ പിതാവിന്റെ മദ്ധ്യസ്ഥതയിൽ നിന്നുയരുന്ന ആ ദിവ്യപ്രകാശം ഉയർന്നു നിൽക്കുന്ന പള്ളിയുടെ മദ്ബഹായിൽ നിന്നും കവിഞ്ഞൊഴുകി ഈ നാട് മുഴുവൻ പരന്നു നടക്കുന്ന ആ വലിയ ദിവസം ഇനി വിദൂരമല്ല...

പിതാവേ കാരുണ്യവാനായ തമ്പുരാന്റെ മുൻപാകെ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചാലും. അവിടുന്ന് പകർന്നു നൽകിയ വിശ്വാസ വീര്യം വരും കാലങ്ങളിൽ മലങ്കരയിൽ അലയടിച്ചുയരും..

❑

അനുസ്മരണം

# ഒരു നിർമ്മലമന്ദഹാസം

## ജോർജ് ജോസ് (ജിജി, റോം)

മലങ്കര ഓർത്തഡോക്ൾസ് സുറിയാനി സഭയുടെ പ്രധാന മേലധ്യക്ഷൻ, പൌരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയും ആയ പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ ബാവ തിരുമേനി ഈ ലോക കാലഘട്ടം പൂർത്തീകരിച്ചു തന്റെ ജനത്തോട് ചേർന്നു. 2021 ജൂലൈ 12 നായിരുന്നു ആ വലിയ മഹത്വ പ്രവേശനം. ജീവിതത്തിൽ എന്നും തന്റെ ചുണ്ടിൽ കരുതിയിരുന്ന ആ നിർമല മന്ദഹാസം അതേപടി നിലനിർത്തി കൊണ്ട് തന്നെ പരിശുദ്ധ പിതാവ് മഹാ സമാധിയിലേക്ക് പ്രവേശിച്ചു. മരണത്തിനുപോലും ആ ചിരിയുടെ നിർമ്മലത അല്പമൊന്നു കുറക്കാൻ സാധിച്ചില്ല എന്ന് പറയുന്നതാകും ശരി.

എന്റെ ഇതുവരെ ഉള്ള ജീവിത കാലത്ത് ആദ്യമായാണ് ഒരു അധികാരം ഉള്ള കാതോലിക്കാ കാലം ചെയ്യുന്നത്. അങ്ങനെ പറയാൻ കാരണം അദ്ദേഹത്തിന് തൊട്ടു മുൻപുള്ള നാല് മുൻഗാമികളും പ്രായാധിക്യത്താൽ സ്ഥാന ത്യാഗം ചെയ്ത് അധികാരം ഒഴിഞ്ഞു പിൻഗാമികളെ നിയമിച്ചാണ് വിടവാങ്ങിയിട്ടുള്ളത്. അതിൽനിന്നും വ്യത്യസ്തമായി മുൻഗാമിയോ പിൻഗാമിയോ ജീവിച്ചിരിപ്പില്ലാതെ, വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹിക സിംഹസനത്തിൽ വാണരുളിക്കൊണ്ടാണ് പരിശുദ്ധ പിതാവ് ദൈവസന്നിധിയിൽ ചേർക്കപ്പെട്ടത് എന്നത് ഒരു പ്രത്യേകത ആണ്. അതായത് തന്റെ ആട്ടിൻകൂട്ടമായ ദൈവ ജനതോടൊപ്പം അവരെ മേയിച്ചു നിൽക്കുന്ന അവസ്ഥയിൽ പോയത് കൊണ്ടാണ് ആ മന്ദഹാസം മായാതെ മുഖകമലത്തിൽ വിളങ്ങി നിന്നത്. ആ നിർമ്മലവും ദൈവികവുമായ മന്ദഹാസം എത്രയോ ജനഹൃദയങ്ങളിൽ മായാതെ മറയാതെ നിലനിൽക്കും എന്നതും യാഥാർത്ഥ്യമാണ്.

പരിശുദ്ധ പിതാവിനെ ആദ്യമായി ഞാൻ കാണുന്നത് പിതാവ് ഉൾപ്പെടെ പുതുതായി വാഴിക്കപ്പെട്ട അഞ്ച് മെത്രാപ്പോലിത്തമാർക്ക് അടൂരിൽ സ്വീകരണം നൽകിയപ്പോൾ ആണെന്നാണ് എന്റെ ഓർമ്മ. പിന്നീട് ചിലപ്പോൾ ഒക്കെ ദൂരത്തു നിന്ന് കണ്ടിട്ടുണ്ട്, യുവജന പ്രസ്ഥാനത്തിന്റെയും മറ്റും പരിപാടികളിൽ പങ്കെടുക്കുമ്പോൾ. എന്നാൽ കാതോലിക്കാ ആയ ശേഷം പരിശുദ്ധ പിതാവിന്റെ വത്തിക്കാൻ സന്ദർശനം ആണ് അദ്ദേഹത്തിന്റെ അടുത്ത് കൂടുതൽ സമയം ചിലവഴിക്കാൻ കിട്ടിയ സാഹചര്യം. വത്തിക്കാനിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ താമസിക്കുന്ന ഡോമുസ് സാന്ത മാർത്ത എന്ന അരമനയിൽ തന്നെയായിരുന്നു നമ്മുടെ പരിശുദ്ധ പിതാവിന്റെയും താമസം. അവിടെ വച്ചാണ് റോമിൽ ഉള്ള മലങ്കര ഓർത്തഡോക്സ് സമൂഹം പരിശുദ്ധ പിതാവിനെ സന്ദർശിച്ചത്. രണ്ട് മണിക്കൂറിലധികം സമയം പരിശുദ്ധ പിതാവ് ഞങ്ങളോടൊപ്പം ചിലവഴിച്ചു. അദ്ദേഹത്തിന്റെ പെരുമാറ്റത്തിലെ ലാളിത്യം യഥായോഗ്യം തിരിച്ചറിഞ്ഞത് അന്നാണ്. ഒരു പൗരാണിക സഭയുടെ അധ്യക്ഷസ്ഥാനത്തു ഇരിക്കുമ്പോഴും ആ സ്ഥാനവലിപ്പത്തെ ഒന്നും കണക്കാക്കാതെ ഒരു സാധാരണക്കാരൻ എന്ന നിലയിൽ സംസാരിക്കാനും പെരുമാറാനും അദ്ദേഹത്തിന് അനായാസം കഴിയുന്നത് എന്നെ അക്ഷരാർത്ഥത്തിൽ അമ്പരപ്പിക്കുകയും രോമാഞ്ചം അണിയിക്കുകയും ചെയ്തു. ഒരു രാഷ്ട്രതലവനും സഭാധ്യക്ഷനുമായ മാർപ്പാപ്പയോടും സാധാരണ വിശ്വാസികളായ തന്റെ ജനത്തോടും ഒരേപോലെ സംവദിക്കാൻ പരിശുദ്ധ പിതാവിന് സാധിക്കുന്നത് അദ്ദേഹത്തിൽ അന്തർലീനമായിരിക്കുന്ന ലാളിത്യം കൊണ്ടും ദൈവിക ചൈതന്യം കൊണ്ടുമാണ് എന്ന് അർദ്ധശങ്കയില്ലാതെ പറയാൻ സാധിക്കും.

അവിടെവച്ചു എന്റെ ഭാര്യയെ 'ഈ കുട്ടി, ഈ കുട്ടി' എന്ന് വാത്സല്യപൂർവ്വം വിളിച്ചു സംസാരിച്ചപ്പോൾ, ഞാൻ 'ഇത് ഒരു കുട്ടിയുടെ അമ്മയാണ് തിരുമേനി' എന്ന് തമാശയായി പറഞ്ഞപ്പോൾ അദ്ദേഹം പൊട്ടിച്ചിരിച്ചതും 'ഞങ്ങൾ കുന്നംകുളംകാരുടെ പ്രയോഗമാണ്' എന്ന് പറഞ്ഞതും ഇരട്ടി മധുരിമയോടെ മനസ്സിൽ ഇന്നും തങ്ങി നിൽക്കുന്നു. തമാശകൾ കേൾക്കാനും അത് ആസ്വദിച്ചു പൊട്ടിച്ചിരിക്കാനും അദ്ദേഹത്തിന് ഒരു മടിയും ഇല്ലായിരുന്നു.

പരിശുദ്ധ പിതാവിന്റെ വത്തിക്കാൻ സന്ദർശനത്തിൽ സംഭവിച്ച ഒരു കാര്യം പരാമർശിക്കാതെ പോകുന്നത് ഉചിതമല്ല. ബഹുമാന്യനായ ഡോക്ടർ കെ. എം. ജോർജ് അച്ചൻ അത് വിവരിച്ചിട്ടുള്ളതാണ്. എങ്കിലും ഉൾപുളകം ഉണ്ടാക്കുന്നതും അസാധാരണവും ആയ സംഭവം ആയതിനാൽ അത് ഓർമ്മയിൽ കൊണ്ടുവരുന്നു. മാർപാപ്പ മത മേലധ്യക്ഷൻ കൂടാതെ ദി വത്തിക്കാൻ സിറ്റി എന്ന രാജ്യത്തിന്റെ ഭരണാധികാരി കൂടിയാണ്. ആയതിനാൽ അദ്ദേഹത്തിന് അതിനനുസരണമായ പ്രോട്ടോകോളുകൾ നിലവിലുണ്ട്. അത് പാലിച്ചാണ് ഇതര രാഷ്ട്രതലവന്മാർ ഉൾപ്പെടെ ഉള്ളവരുടെ സന്ദർശനം നടക്കുന്നത്. വത്തിക്കാന്റെ ചരിത്രത്തിൽ ആദ്യമായി ആ പ്രോട്ടോകോളുകൾ ലംഘിക്കപ്പെട്ടത് പരിശുദ്ധ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സന്ദർശനത്തിൽ ആണ്. അത് രണ്ട് പ്രാവശ്യം സംഭവിച്ചു. ഔദ്യോഗിക സ്വീകരണത്തിന്റെ ഭാഗമായി ഇരു തലവന്മാർ മാത്രമായി (ഭാഷ തർജിമ ചെയ്യുന്നവർ ഉണ്ടാകും) സംഭാഷണം നടത്തുന്ന ഒരു ചടങ്ങ് ഉണ്ട്. 15 മിനിറ്റ് ആണ് അതിന് അനുവദിച്ചിട്ടുള്ളത്. എന്നാൽ പാപ്പാ – ബാവ സംഭാഷണത്തിൽ ആ സമയ ക്രമീകരണ ചട്ടം ലംഘിക്കപ്പെട്ടു. വത്തിക്കാൻ ഭരണകൂടം അതിശയിച്ച് എന്താണ് സംഭാഷണം നീണ്ടുപോകുന്നത് എന്ന് അന്വേഷിച്ച സന്ദർഭം ആയിരുന്നു അത്. രണ്ടാമത്തെ സംഭവം പരിശുദ്ധ ബാവായുടെ മടക്കയാത്ര സമയത്ത് ആണുണ്ടായത്. തലേന്ന് വൈകുന്നേരം ഔദ്യോഗിക വിടവാങ്ങൽ ചടങ്ങുകൾ നടന്നു. പ്രോട്ടോകോൾ പ്രകാരം വീണ്ടും കൂടിക്കാഴ്ച്ച ഇല്ല. എന്നാൽ വത്തിക്കാനെ അമ്പരപ്പിന്റെ, അത്ഭുതത്തിന്റെ പാരമ്യതയിൽ എത്തിച്ചുകൊണ്ട് പിറ്റേന്ന് അതിരാവിലെ പരിശുദ്ധ പിതാവിനെ യാത്രയാക്കാൻ മാർപാപ്പ കാറിനരികിൽ എത്തിയിരിക്കുന്നു. വത്തിക്കാന്റെ ചരിത്രത്തിൽ ഇങ്ങനെ ഒരു സംഭവം ആദ്യമായാണ്. അതുപോലെ തന്നെ ഔദ്യോഗിക ഭക്ഷണസൽക്കാരം കൂടാതെ എല്ലാ ദിവസവും രണ്ട് പിതാക്കന്മാരും ഒന്നിച്ചായിരുന്നു ഡൈനിംഗ് ഹാളിൽ ഭക്ഷണം കഴിച്ചിരുന്നത്.



നമ്മുടെ പരിശുദ്ധ പിതാവിൽ ഉണ്ടായിരുന്ന ദൈവിക ചൈതന്യം ആരെയും ആകർഷിക്കുന്നത് തന്നെയായിരുന്നു എന്നതിന് ഇതിൽ വലിയ തെളിവ് ആവശ്യമില്ല.

പിന്നീട് അവധിക്കാലത്ത് നാട്ടിൽ വരുമ്പോൾ ചിലപ്പോഴൊക്കെ പിതാവിനെ കാണാറുണ്ട്. ഒരിക്കൽ അടൂർ കരുവാറ്റ സെന്റ് മേരീസ് പള്ളിയിൽ വി. കുർബാന കഴിഞ്ഞു വിശ്രമിക്കുമ്പോൾ ആണ് കാണാൻ ഇടയായത്. അല്പസമയം സ്നേഹപൂർവ്വം സംസാരിച്ചു. അവിടെ ഞാൻ പിതാവിൽ കണ്ട മറ്റൊരു ശ്രേഷ്ഠ ഗുണത്തെ കുറിച്ച് പറയാൻ ആഗ്രഹിക്കുന്നു. മുറിയിൽ ആളൊഴിഞ്ഞപ്പോൾ ആ പള്ളിയിലെ പ്രധാന ശുശ്രൂഷകനെ വിളിച്ച് വരുത്തി തന്റെ പെട്ടി തുറന്ന് ഒരു തുക എടുത്ത് കൊടുത്തു. പിതാവിനോടുള്ള ആദരം വർധിക്കാൻ ഇടയാക്കിയ സംഭവം ആയിരുന്നു അത്. ഇടവകയിൽ വന്നാൽ കൈമുത്ത് വാങ്ങി പോകുക അല്ല സഹായിക്കേണ്ടവരെ സഹായിക്കാനുള്ള വലിയ മനസും പിതാവിൽ ഉണ്ടായിരുന്നു. ശക്തമായ നിലപാടുകൾ ഉള്ള വ്യെക്തിത്വം എന്ന് പിതാവിനെ കുറിച്ച് പറയുമ്പോൾ ഒപ്പം ആർദ്ര മാനസമുള്ള വ്യെക്തിത്വം എന്നുകൂടി എടുത്ത് പറയേണ്ടത് ആവശ്യമാണ്. അത്തരം ഒരു മനസിന്റെ ഉടമ ആയതുകൊണ്ട് ആണല്ലോ പിതൃസ്വത്തായി ലഭിച്ച ഭൂമി മുഴുവൻ പാവങ്ങൾക്ക് വീതിച്ചു അവിടെ വീടുവച്ചു നൽകുകയും ചെയ്തത്. സ്നേഹസ്പർശം എന്ന ചികിത്സ പദ്ധതിയിലൂടെ ലക്ഷ്യമാക്കിയതും അതുതന്നെ ആയിരുന്നല്ലോ.

പിന്നീട് പിതാവിനെ കാണുന്നത് 2017-ലെ സുപ്രീം കോടതിവിധിയെ തുടർന്ന് കോലഞ്ചേരി പള്ളിയിലേക്കുള്ള രാജാകീയമായ വരവേൽപ്പിൽ വച്ചാണ്. പ്രസാദം സെന്ററിന്റെ മുറ്റത്തുവച്ചു തൃക്കരം മുത്തി, ആ സ്ലീബാ ചുംബിച്ചു അനുഗ്രഹം പ്രാപിച്ചു.

അവസാനമായി നേരിൽ കാണുന്നത് ദേവലോകം അരമന ചാപ്പലിൽ വച്ച് ഇന്ത്യൻ ഓർത്തഡോക്ൾസ് സഭ മീഡിയ വിങ്ങിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ചടങ്ങിൽ വച്ചാണ് എന്നാണ് ഓർമ്മ (2018 ന് ശേഷം കൊറോണ കാരണം നാട്ടിൽ വരാൻ സാധിച്ചിട്ടില്ല). പരിശുദ്ധ പിതാവും മാർ നിക്കോളാവോസ്, മാർ ദിയസ്കോറോസ് തിരുമേനിമാരും പങ്കെടുത്ത ആ ചടങ്ങിൽ കൃതജ്ഞത പറഞ്ഞത് ഞാനായിരുന്നു. അത് ആവോളം ആസ്വദിച്ചു പൊട്ടിച്ചിരിച്ച പരിശുദ്ധ പിതാവിന്റെ മുഖം ഒളിമങ്ങാതെ ഹൃദയത്തിൽ സൂക്ഷിക്കുന്നു.

പരിശുദ്ധ പിതാവിന്റെ വിയോഗത്തിൽ ആഗോള തലത്തിൽ നിന്ന് ധാരാളം അനുശോചന സന്ദേശങ്ങൾ വന്നു. എന്നാൽ അതിൽ എന്നെ ഏറ്റവും സ്പർശിച്ച ചില സന്ദേശങ്ങൾ ഉണ്ട്. അതിൽ ഒന്ന് ഗായിക ശ്രീമതി കെ. എസ്. ചിത്രയുടേത് ആണ്. മറ്റൊന്ന് പറളി സ്കൂളിലെ കായികാധ്യാപകനായ മനോജ് എഴുതിയ കുറിപ്പാണ്. മറ്റൊന്ന് ഒരു ക്ഷേത്രഭാരവാഹികൾ എഴുതിയതും. ഇത് മൂന്നും അക്രൈസ്തവരായ ആളുകളുടെ സന്ദേശമാണ്. പിതാവിന്റെ വ്യത്യസ്ത മേഖലകളിലെ നന്മ പ്രവർത്തനമാണ് ഇതിൽ പ്രതിപാദിക്കുന്നത്. പരിശുദ്ധ പിതാവ് അങ്ങനെ ആയിരുന്നു. ജാതിമതഭേദമന്യേ അനേകരുടെ ഹൃദയങ്ങളിൽ ഇടം പിടിച്ച, ഹൃദയങ്ങൾ കീഴടക്കിയ പിതാവ്.


എഴുതാൻ തുടങ്ങിയാൽ തീരാത്ത പോലെ എഴുതാൻ ഉണ്ട്. അതിനാൽ തന്നെ എഴുത്ത് ചുരുക്കുന്നു. വാക്കുകൾക്ക് വിവരിക്കാൻ പരിമിതികൾ ഉണ്ടാകുന്നു. വാക്കുകൾക്കും ഭാഷക്കും പരിധിയും പരിമിതിയും ഉള്ളതായി തോന്നിപോകുന്നു. ആ പരിമിതികൾക്കെല്ലാം അപ്പുറമുള്ള ഒരു അനുഭവം ആണ് പരിശുദ്ധ ബാവ തിരുമേനി. ഇതൊരു അനുസ്മരണകുറിപ്പോ അനുഭവ കുറിപ്പോ ആകാം. ആ അഭാവം ഉൾക്കൊള്ളാൻ ഇനിയും സാധിക്കാത്ത മനസിനെ അതിന് പ്രേരിപ്പിക്കാനുള്ള ഒരു മാർഗം കൂടിയാണ് ഈ കുറിപ്പ്. പരിശുദ്ധ പിതാവിന്റെ സ്വർഗീയ മധ്യസ്ഥത ഈ സഭക്കും സമൂഹത്തിനും എന്നും കാവൽ ആയിരിക്കും.

കണ്ണീർ പൂക്കൾ അർപ്പിച്ചുകൊണ്ട്.

❑







"മത ജീവിതം ഒരു വൃക്ഷമാണെങ്കിൽ വിശ്വാസം അതിന്റെ തായ് വേരാണ്. ഈ തായ് വേര് വേണ്ടവണ്ണം മണ്ണിൽ ആഴ്ന്നിറങ്ങണം. ക്രിസ്തുവിന്റെ ആളത്വത്തോട് നമ്മുടെ ആളത്വം ഒട്ടിച്ച് ചേർക്കപ്പെടുകയും,അതിനനുസരണമായ ജീവിതക്രമീകരണം നടത്തപ്പെടുകയും വേണം. അപ്പോൾ മതബോധവും, ദൈവസാന്നിദ്ധ്യവും നമ്മിൽ യഥാർത്ഥ്യമായിത്തീരും." - പരി. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതിയൻ ബാവ. (വചനം വിടരുന്നു. Page.No.39 css Books 2009)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH


# മലങ്കരസഭയുടെഅദ്ധ്യക്ഷന് കുവൈറ്റ് ഓർത്തഡോക്സ് സമൂഹത്തിന്റെ സ്മരണാഞ്ജലികൾ

കുവൈറ്റ്: പ. പൗലോസ് ദ്വിതിയൻ കാതോലിക്കാ ബാവായ്ക്ക് കുവൈറ്റ് ഓർത്തഡോക്സ് സമൂഹം സ്മരണാഞ്ജലികൾ അർപ്പിച്ചു. ജൂലൈ 19, വൈകിട്ട് 6.30–ന് നാഷണൽ ഇവാഞ്ചലിക്കൽ ചർച്ചിൽ നടത്തിയ സമ്മേളനത്തിൽ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് മഹാ ഇടവക വികാരിയും അഹമ്മദി സെന്റ് തോമസ് ഓർത്തഡോക്സ് പഴയപള്ളിയുടെ അഡ്മിനിസ്ട്രേറ്റിവ് വികാരിയുമായ ഫാ. ജിജു ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

കുവൈറ്റിലെ ഇന്ത്യൻ അംബാസിഡർ സിബി ജോർജ്ജ്, വത്തിക്കാൻ അംബാസിഡർ ആർച്ച് ബിഷപ്പ് യൂജിൻ മാർട്ടിൻ ന്യൂജന്റ് എന്നിവർ മുഖ്യാതിഥികളായി പങ്കെടുത്ത് അനുശോചന സന്ദേശം നല്കി.

കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തിലൂടെ മലങ്കരസഭയ്ക്ക് ഒരു പരിശുദ്ധനെ മാത്രമല്ല ഭാരതത്തെ സംബന്ധിച്ചിടത്തോളം ദീർഘവീക്ഷണമുള്ള ഒരു നേതാവിനെ കൂടിയാണ് നഷ്ടമായിരിക്കുന്നതെന്നും, മാനവികതയ്ക്കും മനുഷ്യത്വത്തിനും വലിയ മൂല്യം കല്പ്പിച്ചിരുന്ന പരിശുദ്ധ പിതാവിന്റെ വേർപാട് മനുഷ്യസമൂഹത്തിനാകമാനം നികത്താനാവാത്ത ശൂന്യതയാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും, അദ്ദേഹം ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമാ ശ്ലീഹായുടെ പാരമ്പര്യവും അർപ്പണബോധവുമുള്ള പിൻഗാമിയായിരുന്നുവെന്നും ഇന്ത്യൻ അംബാസിഡർ പറഞ്ഞു. ഇന്ത്യൻ പ്രസിഡണ്ടിന്റേയും പ്രധാനമന്ത്രിയുടേയും അനുശോചന സന്ദേശങ്ങൾ അദ്ദേഹം പ്രസംഗത്തിൽ പരാമർശിക്കുകയും ചെയ്തു.

സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവക വികാരി ഫാ. ജോൺ ജേക്കബ് സ്വാഗതവും സെന്റ് ബേസിൽ ഓർത്തഡോക്സ് ഇടവക വികാരി ഫാ. മാത്യൂ എം. മാത്യൂ നന്ദിയും രേഖപ്പെടുത്തിയ സമ്മേളനത്തിൽ കുവൈറ്റ് ഇടവകകളുടെ ചുമതല വഹിക്കുന്ന കൽക്കത്താ ഭദ്രാസനാധിപൻ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ, കേരളത്തിന്റെ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ്, കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, അർമേനിയൻ ഓർത്തഡോക്സ് ചർച്ചിന്റെ പാട്രിയാർക്കൽ വികാരി വെരി റവ. ബെദ്രോസ് മാന്യുലിയൻ, എത്യോപ്യൻ ഓർത്തഡോക്സ് ചർച്ചിന്റെ വികാരി അബോ ബെർണബാസ്, ആംഗ്ലിക്കൻ ചർച്ചിന്റെ ചാപ്ലിൻ റവ. മൈക്കിൾ മെബോണ, എൻ.ഈ.സി.കെ. സെക്രട്ടറി റോയി യോഹന്നാൻ, മാർത്തോമാ ഇടവകകളെ പ്രതിനിധീകരിച്ച് റവ. ജിജി മാത്യൂ, സി.എസ്.ഐ. ഇടവകകളെ




പ്രതിനിധീകരിച്ച് റവ. തോമസ് പ്രസാദ്, സഭാ മാനേജിംഗ് കമ്മിറ്റിയംഗം മാത്യൂ കെ. ഇലഞ്ഞിക്കൽ, ഓർത്തഡോക്സ് ഇടവകകളെ പ്രതിനിധീകരിച്ച് ട്രസ്റ്റിമാരായ ജോൺ പി. ജോസഫ്, വിനോദ് ഇ. വർഗ്ഗീസ്, അലക്സ് മാത്യൂ, ബിനു തോമസ് എന്നിവർ അനുശോചനം രേഖപ്പെടുത്തി.

സെന്റ് ഗ്രീഗോറിയോസ് മഹാ ഇടവക സഹവികാരി ഫാ. ലിജു പൊന്നച്ചൻ അനുശോചന പ്രമേയം അവതരിപ്പിച്ചു. സഭാ മാനേജിംഗ് കമ്മിറ്റിയംഗം ബാബു വർഗ്ഗീസ്, ഭദ്രാസന കൗൺസിലംഗം എബ്രഹാം സി. അലക്സ് എന്നിവർ സന്നിഹിതരായിരുന്നു. മഹാ ഇടവക സണ്ടേസ്ക്കൂൾ ഹെഡ്മാസ്റ്റർ ഷിബു പി. അലക്സ് മാസ്റ്റർ ഓഫ് സെറിമണീസ് ആയിരുന്നു

കോവിഡ്–19 പ്രോട്ടോകോൾ പാലിച്ചുകൊണ്ട് കുവൈറ്റിലെ ഓർത്തഡോക്സ് ഇടവകകളായ സെന്റ് ഗ്രീഗോറിയോസ് മഹാ ഇടവക, അഹമ്മദി സെന്റ് തോമസ് പഴയപള്ളി, സെന്റ് ബേസിൽ, സെന്റ് സ്റ്റീഫൻസ് എന്നീ ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ ക്രമീകരിച്ച സമ്മേളനത്തിൽ അർമേനിയൻ ഓർത്തഡോക്സ് ചർച്ചിന്റെയും, എത്യോപ്യൻ ഓർത്തഡോക്സ് ചർച്ചിന്റെയും പ്രതിനിധികളുൾപ്പെടെ സാമൂഹ്യ-സാമുദായിക-സാംസ്ക്കാരിക-മാധ്യമ രംഗത്തെ പ്രമുഖർ പങ്കെടുത്തു.

# കാതോലിക്കാ ബാവയുടെ ദേഹവിയോഗത്തിൽ ദോഹ ഇടവക അനുശോചിച്ചു

ദോഹ: പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ദേഹവിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്, ദോഹ ഇടവക അനുശോചിച്ചു. ജൂലൈ 16–നു വി. കുർബാനന്തരം ഇടവക വികാരി ഫാദർ തോമസ് ഫീലിപ്പോസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുശോചന യോഗത്തിൽ സാംസ്കാരിക മത നേതാക്കൾ പങ്കെടുത്തു.

എത്യോപ്യൻ ഓർത്തഡോക്ൾസ് തേവാദോ ചർച്ച് മിഡിൽ ഈസ്റ്റ് ആർച്ച് ബിഷപ്പ് ഒ. എ. ആബൂനാ ദിമിത്രിയോസ് മുഖ്യാതിഥി ആയിരുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ജെറുസലേം ആർച്ച്ബിഷപ്പ് ഒ. എ. മാർ മക്കാറിയോസ് അനുശോചന സന്ദേശം അയച്ചു.

ഇടവക സെക്രട്ടറി ശ്രീ. സജി പി. ജോൺ അനുശോചന പ്രമേയം അവതരിപ്പിച്ചു. ഇടവക ട്രസ്റ്റി റെജി മാത്യു, ഇന്ത്യൻ കൾച്ചർ സെന്റർ പ്രസിഡന്റ് പി. എൻ. ബാബുരാജൻ, വിവിധ എപ്പിസ്കോപ്പൽ സഭകളിലെ വൈദികർ, സഭാ മാനേജിങ് കമ്മിറ്റി അംഗങ്ങൾ എന്നിവർ യോഗത്തിൽ സന്നിഹിതരായിരുന്നു.



ഇടവകയിലെ അദ്ധ്യാത്മിക സംഘടനകളുടെ ഭാരവാഹികൾ അനുശോചനം രേഖപ്പെടുത്തി.

വചനതീർത്ഥം



# തന്നത്താൻ താഴ്ത്തുന്നവൻ ഉയിർത്തപ്പെടും

## (പെന്തിക്കോസ്തിക്കുശേഷം ഒൻപതാം ഞായർ വി. ലൂക്കോസ് 14: 7–11)

**ഫാ. വിനോദ് ജോർജ്**
(മാനേജർ, വെട്ടിക്കൽ ദയറാ)

ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനപ്രമാണങ്ങളിലൊന്നാണ് വിനയം എന്നത്. യേശുക്രിസ്തുവിന്റെ ജനനവും ജീവിതവും മരണവും വിനയത്തിലും താഴ്മയിലും അധിഷ്ഠിതമായിരുന്നു. യേശുക്രിസ്തു തന്റെ രക്ഷണ്യ പ്രവർത്തനത്തിൽ ശിഷ്യന്മാരെയും ജനങ്ങളെയും വിനയം പഠിപ്പിക്കുന്ന ധാരാളം സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വിനയത്തിന്റെ പ്രസക്തിയും പ്രാധാന്യവും തന്റെ ഉപമകളിലൂടെ ജനങ്ങളെ ആവർത്തിച്ച് പഠിപ്പിച്ചുകൊണ്ടിരുന്നു. ഇന്നത്തെ വി. സുവിശേഷഭാഗം, യേശു വിനയം പഠിപ്പിക്കുന്ന ഒരു ഉപമയാണ്. വി.ലൂക്കോസ് 14: 7–11.

### സ്വയം ഉയർത്തുക

കല്യാണത്തിനു ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരഞ്ഞെടുക്കുന്നതു കണ്ടിട്ട് യേശു പറഞ്ഞ ഉപമയാണിത് (വാ. 7). തങ്ങളെത്തന്നെ സ്വയം ഉയർത്തുകയും മറ്റുള്ളവരുടെ മുമ്പിൽ മാന്യന്മാരെന്ന് സ്വയം നടിക്കുകയും ചെയ്യുന്നവർക്കെതിരെയാണ് കർത്താവ് പ്രതികരിക്കുന്നത്. 'തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും' (വാ. 11).

ആത്മപ്രശംസ, പൊങ്ങച്ചം, അമിതവിശ്വാസം തുടങ്ങിയവയൊക്കെ ക്രിസ്തീയ ജീവിതത്തിൽ അംഗീകരിക്കുവാൻ കഴിയാത്തതാണ്. ക്രിസ്തുവിന്റെ ശക്തമായ താക്കീതും വിമർശനവും ഇതിനെല്ലാം ഉണ്ടായിട്ടുണ്ട്. ശാസ്ത്രിമാരുടെയും പരീശന്മാരുടെയും സാദൂക്യരുടെയും ജീവിതത്തെ യേശു വിമർശിക്കുന്നതിന് ഒരു പ്രധാന കാരണം 'സ്വയം ഉയർത്തുക' എന്ന ധാർമ്മിക വിഷയമായിരുന്നു.

വി. മത്തായി 23:5 'അവർ തങ്ങളുടെ പ്രവൃത്തികൾ എല്ലാം മനുഷ്യർ കാണേണ്ടതിനത്രേ ചെയ്യുന്നത്. തങ്ങളുടെ മന്ത്രപ്പട്ട വീതിയാക്കി തൊങ്ങൽ വലുതാക്കുന്നു. അത്താഴത്തിൽ പ്രധാന സ്ഥലവും പള്ളിയിൽ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യർ റബ്ബീ എന്നു വിളിക്കുന്നതും അവർക്കു പ്രിയമാകുന്നു.'

യെശയ്യാവ് 14:13, 14 "ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും, ഉത്തരദിക്കിന്റെ അതൃത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും, ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും, ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്. എന്നാൽ നീ പാതാളത്തിലേക്കു, നാശകൂപത്തിന്റെ അടിയിലേക്കു തന്നെ വീഴും.'

സങ്കീർത്തനം 10:3 'ദുഷ്ടൻ തന്റെ മനോരഥത്തിൽ പ്രശംസിക്കുന്നു.' സദൃശ്യവാക്യങ്ങൾ 25:14 'ദാനങ്ങളെപ്പറ്റി വെറുതെ പ്രശംസിക്കുന്നവൻ മഴയില്ലാത്ത മേഘവും കാറ്റും പോലെയാകുന്നു.'

യേശുക്രിസ്തു ഇന്നത്തെ ഉപമയിൽ പറയുന്നു: 'ഒരുത്തൻ നിന്നെ കല്യാണത്തിനു വിളിച്ചാൽ മുഖ്യാസനത്തിൽ ഇരിക്കരുത്. പക്ഷേ നിന്നിലും മാനമേറിയവനെ അവൻ വിളിച്ചിരിക്കാം. പിന്നെ നിന്നെയും അവനെയും ക്ഷണിച്ചവൻ വന്നു; ഇവനു ഇടം കൊടുക്ക എന്നു നിന്നോടു പറയുമ്പോൾ നീ നാണത്തോടെ ഒടുക്കത്തെ സ്ഥലത്തുപോയി ഇരിക്കേണ്ടിവരും.' (വാ. 8,9).

### വിനയം പഠിപ്പിക്കുന്നു

യേശുക്രിസ്തു മനുഷ്യാവതാരം ചെയ്തതിന്റെ ഒരു ലക്ഷ്യം മനുഷ്യരെ വിനയം പഠിപ്പിക്കുന്നതായിരുന്നു. സ്വന്തം കഴിവുകളെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചും വാചാലമാകാതെ അവയെക്കുറിച്ചു മൗനം പാലിക്കുവാൻ കഴിയുന്ന അനുഭവമാണ് വിനയം. യേശുക്രിസ്തുവിന്റെ സ്വഭാവത്തെപ്പറ്റി നാം വായിക്കുന്നു: 'ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിക്കുവിൻ' (വി. മത്തായി 11:29).

യേശുക്രിസ്തുവിന്റെ ജീവിതം മുഴുവനും വിനയത്തിന്റെയും ക്ഷമയുടെയും പാഠങ്ങളായിരുന്നു. ഇന്നത്തെ വി. സുവിശേഷഭാഗത്തിൽ കർത്താവ് പറയുന്നു: 'നിന്നെ ആരെങ്കിലും കല്യാണത്തിനു വിളിച്ചാൽ ചെന്ന് ഒടുക്കത്തെ സ്ഥലത്ത് ഇരിക്കുക, നിന്നെ ക്ഷണിച്ചവൻ വരുമ്പോൾ നിന്നോട്: സ്നേഹിതാ, മുമ്പോട്ട് വന്ന് ഇരിക്കുക എന്നു പറയുവാൻ ഇടവരട്ടെ, അപ്പോൾ പന്തിയിൽ ഇരിക്കുന്നവരുടെ മുമ്പിൽ നിനക്കു മാനം ഉണ്ടാകും.' (വാ. 10).

ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിച്ചുകൊള്ളണമെന്നു വിചാരിക്കാതെ അവിടുന്നു സ്വയം വിനയപ്പെടുത്തിയാണു മനുഷ്യനായിത്തീർന്നത്. മാത്രമല്ല ക്രൂശിലെ മരണം വരിക്കുവാൻ തക്കവണ്ണം അവിടുന്നു വിനയപ്പെടുകയും ചെയ്തു. ക്രിസ്തുയേശുവിൽ പ്രകടമായ അതേഭാവം നമ്മിലും ഉണ്ടാകണം എന്നാണ് വി. പൗലോസ് ആശംസിക്കുന്നത് (ഫിലിപ്യർ 2:5).

ദൈവസന്നിധിയിൽ താഴ്മയോടെ നടക്കുന്നതാണു നല്ലതെന്നു ദൈവം കാണിച്ചു തന്നിട്ടുണ്ട് (മീഖ 6:8). കർത്താവിന്റെ ഗിരിപ്രഭാഷണത്തിൽ 'സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും' (വി. മത്തായി 5:5) എന്നു പറയുന്നു. 'നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ആകട്ടെ' (വി. ലൂക്കോസ് 22:26) എന്ന് കർത്താവ് പറയുന്നു.

പ. പൗലോസ് ശ്ലീഹായും, പ. പത്രോസ് ശ്ലീഹായും യെരുശലേം സഭയിലെ മൂപ്പനും കർത്താവിന്റെ സഹോദരനുമായ വി. യാക്കോബും വിനയത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. റോമർ 12:3 'ഭാവിക്കേണ്ടതിനുമീതെ ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവു പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കണം.' 1 പത്രോസ് 5:5 'എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവീൻ; ദൈവം താഴ്മയുള്ളവർക്കു കൃപ നൽകുന്നു.' വി. യാക്കോബ് 4:10 'കർത്താവിന്റെ സന്നിധിയിൽ താഴുവീൻ, എന്നാൽ അവൻ നിങ്ങളെ ഉയർത്തും.'

### എളിയവർക്കുള്ള വാഗ്ദാനങ്ങൾ

വാ. 11 'തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും.' ദൈവത്തിന്റെ വാഗ്ദാനങ്ങൾ പാഴ്‌വാക്കുകളല്ല. താഴ്മയും വിനയവും എവിടെ ഉണ്ടോ, അവിടെയെല്ലാം ഉയർച്ചയും വളർച്ചയും ഉണ്ടായിട്ടുണ്ട്. സങ്കീ. 138:6 'യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നു.'

വലിയവൻ ആകുവാൻ ആഗ്രഹിക്കുന്നവർ അനുവർത്തിക്കേണ്ട സ്വഭാവഗുണമാണ് വിനയം എന്നത്. യേശു പറയുന്നു: 'നിങ്ങളെല്ലാവരിലും ചെറിയവനായവൻ അത്രേ വലിയവൻ ആകുന്നത്' (വി. ലൂക്കോസ് 9:48). 'ദൈവം താഴ്മയുള്ളവർക്കു കൃപ നൽകുന്നു' എന്ന് വി. യാക്കോബ് പറയുന്നു. ദൈവത്തിന്റെ എല്ലാ അനുഗ്രഹങ്ങൾക്കും കൃപകൾക്കും അടിസ്ഥാനകാരണം വിനയവും എളിമയും ആണ്.

വി. കന്യകമറിയാം വിനയത്തിന്റെ മകുടോദ്ദാഹരണമാണ്. മറിയാമിനെപ്പോലെ ആരും താഴ്മയും വിനയവും ധരിച്ചിട്ടില്ല എന്നാണ് സഭയുടെ വിശ്വാസവും പഠിപ്പിക്കലും.

'ആരുമുയർത്തപ്പെട്ടിലിതുപോലതിനാൽ സ്പഷ്ടം
മറിയാമേപ്പോലാരും താഴ്ത്തപ്പെട്ടിട്ടില്ല'

**പ. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ തിരുമേനി**

ഇക്കഴിഞ്ഞ ദിവസം കാലം ചെയ്ത പ. ബാവാ തിരുമേനി വിനയത്തിന്റെ ആൾരൂപമായിരുന്നു. പ. പിതാവിന്റെ വിനയമായിരുന്നു പ. സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി ദൈവം വിളിച്ച് തെരഞ്ഞെടുത്ത് നിയമിച്ചതിനു കാരണമായത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷ, ദേശ, ലിംഗ, പ്രായ വ്യത്യാസമില്ലാതെ എല്ലാവരോടും അനുകമ്പയും കരുണയും ആത്മാർത്ഥമായി പ്രകടിപ്പിച്ച പുണ്യ പിതാവായിരുന്നു പ. ബാവാ തിരുമേനി. വ്യക്തി ജീവിതത്തിലും ആത്മീയ ജീവിതത്തിലും ഭരണശുശ്രൂഷ ജീവിതത്തിലും അനുവർത്തിച്ച വിനയം മാതൃകാപരമായിരുന്നു. പുണ്യപിതാവിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ!!



## കണ്ടനാട് കർമ്മേൽ ദയറായിൽ വി. കുറിയാക്കോസ് സഹദായുടെ പെരുന്നാൾ

കണ്ടനാട്: പരിശുദ്ധ വട്ടശേരിൽ മാർ. ദീവന്നാസ്യോസിനാൽ സ്ഥാപിതവും പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത കബറടങ്ങിയതുമായ കണ്ടനാട് കർമ്മേൽ ദയറായിലെ സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ്. ചാപ്പലിൽ പ. കുറിയാക്കോസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ ജൂലൈ 14, 15 തീയതികളിൽ ആചരിച്ചു. സ്ലീബാദാസ സമൂഹം അദ്ധ്യക്ഷനും കൊച്ചി മെത്രാസനാധിപനുമായ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത വി. കുർബ്ബാനയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചു.



തിരുവനന്തപുരം ഭദ്രാസനാധിപനും റാന്നി, ഹോളി ട്രിനിറ്റി ആശ്രമ സ്ഥാപകനുമായ ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 22-ാമത് ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് തിരുവനന്തപുരം ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ കബറിങ്കൽ എത്തിച്ചേർന്ന തീർത്ഥാടകരെ ഡോ. ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത സ്വീകരിച്ചു.




ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ തിരുവല്ലയിൽ നടന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരണം ഡോ. യുയാക്കിം മാർ കൂറിലോസ് ഉദ്ഘാടനം ചെയ്യുന്നു. മത്തായി ടി. വർഗീസ്, ജോജി പി. തോമസ്, ഫാ. വർഗീസ് ടി. വർഗീസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഫാ.അലക്സാണ്ടർ ഏബ്രഹാം, ഫാ.അജി കെ. തോമസ് എന്നിവർ സമീപം.

# കാതോലിക്കാ ബാവായെ അനുസ്മരിച്ച് 'മായാത്ത മന്ദസ്മിതം'

തിരുവല്ല ● ശരിയായ തീരുമാനത്തിലൂടെ യഥാർഥ ദിശയിലേക്ക് സഭയെ നയിക്കാൻ കഴിഞ്ഞ പിതാവാണ് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ എന്നു ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്ത.

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കേന്ദ്ര സമിതിയുടെ നേതൃത്വത്തിൽ നടന്ന 'മായാത്ത മന്ദസ്മിതം' പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

എളിമയോടെ ജീവിച്ച് നിഷ്കളങ്കമായി കാര്യങ്ങൾ തുറന്ന പറയുന്നതായിരുന്നു ബാവായുടെ രീതിയെന്നും സഫ്രഗൻ മെത്രാപ്പൊലീത്ത പറഞ്ഞു.

കേന്ദ്ര പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അധ്യക്ഷത വഹിച്ചു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി അനുസ്മരണ പ്രഭാഷണം നടത്തി.

സഭാ വർക്കിങ് കമ്മിറ്റിയംഗം ഫാ. അലക്സാണ്ടർ ഏബ്രഹാം, യുവജന പ്രസ്ഥാനം വൈസ് പ്രസിഡന്റ് ഫാ. വർഗീസ് ടി. വർഗീസ്, ജനറൽ സെക്രട്ടറി ഫാ. അജി കെ. തോമസ്, ട്രഷറർ ജോജി പി. തോമസ്, കേന്ദ്ര റീജനൽ സെക്രട്ടറി മത്തായി ടി. വർഗീസ് എന്നിവർ പ്രസംഗിച്ചു.

# ഓർത്തഡോക്സ് സഭ 2 കോടിയുടെ സ്കോളർഷിപ് നൽകും

**ഓൺലൈൻ പരീക്ഷ ഓഗസ്റ്റ് 7, 8 തീയതികളിൽ: 6 കേന്ദ്രങ്ങൾ**

കോട്ടയം ● എൻജിനീയറിങ് പഠനത്തിനു 2 കോടി രൂപയുടെ സ്കോളർഷിപ് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ഏർപ്പെടുത്തി. സഭയുടെ ഉടമസ്ഥതയിലുള്ള പീരുമേട് മാർ ബസേലിയോസ് ക്രിസ്ത്യൻ കോളജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ ഈ അധ്യയന വർഷം പ്രവേശനം നേടുന്ന, പഠനത്തിൽ മികവുള്ളവരും സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ളവരും ആയ പ്ലസ് ടു സയൻസ് വിദ്യാർഥികൾക്കാണു സ്കോളർഷിപ് ലഭിക്കുക.


സ്കോളർഷിപ് പരീക്ഷയിൽ മികച്ച വിജയം നേടുന്നവർക്ക് ഫീസിളവുകളോടു കൂടി മെക്കാനിക്കൽ, സിവിൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ, കംപ്യൂട്ടർ സയൻസ് ബ്രാഞ്ചുകളിൽ പ്രവേശനം നേടാം.

ഓൺലൈൻ വഴിയാണ് പരീക്ഷ. ആറ് സെന്ററുകൾ ഇതിനായി ക്രമീകരിച്ചിട്ടുണ്ട്. ഓഗസ്റ്റ് 7ന് മലബാർ (91764 92110), എറണാകുളം (9961510339), കോട്ടയം (94968 02908), സെന്ററുകളിലും 8ന് ഇടുക്കി (9846916751), പത്തനംതിട്ട (9567620923) തിരുവനന്തപുരം (9944606728) സെന്ററുകളിലും പരീക്ഷ നടക്കും.

ഫോൺ: 9072200344, 75599 33571. ഓൺലൈൻ റജിസ്ട്രേഷന്: www.mbcpeermade.com

# Pride goes before a fall

## Ninth Sunday after Pentecost



**Fr. Dr. Joshi Varghese, Bhilai**
**(Diocesan Education Officer & PRO, Calcutta Diocese)**

**Evening-St.** Matthew 13: 24-35; **Morning - St. Matthew 1**3: 36-43; **Before Holy Qurbana – Psalms 22 : 1 – 21, Deuteronomy 4: 1-6, Proverbs 13: 1-7, Isaiah 24:1-5; Holy Qurbana - Acts 28:11-22, I Corinthians 6: 1-11**

**St. Luke 14: 7-11**

Luke describes a unique 'Table talk' Jesus had at a Pharisee's banquet on a Sabbath. Before joining the dinner, Jesus healed a man with dropsy and taught them some valuable lessons with two parables. In the passage under consideration, Jesus gave out a parable on humility.

**a. Be humble or be humbled**

*But when you are invited, go and sit down at the lowest place…* (Lk 14:10b)

As Jesus went to the Pharisees home He encountered a man with dropsy and 'they' were watching Him. After healing the man, Jesus entered the house and was watching the guests who were looking to occupy the chief seat of honour. As per the Jewish practices it was customary to give the main seat in a function to the most important person who was invited. In other words the occupant of the seat of honour was the VIP of the day. It was an acknowledgement of a person's value and it also increased his social status further. Though they tried to hide their pride, it was evident in their eagerness to occupy the seat of honour. Their pride was on display!

We may be eager to criticise the display of self-promotion and pride by political and religious leaders or even our relatives and friends. At the same time we would be glad to utilise any opportunity for our self-promotion. We might be carrying our own imaginary seats of honour which we would be keen to place on any available occasions. There are people who always want to be the centre of attraction. When they attend a wedding they might wish to be the focal point than the bride and groom; and when in a funeral, than the departed!

Sometimes even our silent actions can speak louder about our attitude. The choice of seats by the guests revealed their inner self. Those who considered themselves to be 'someone great' vied for the seat of honour. Jesus exhorted them to embrace the attitude of humility. Even among the disciples there was a dispute on *which one of them was the greatest* (Lk 9:46). This dispute continued till the final stages of the Ministry - *A dispute also arose among them as to which one of them was to be regarded as the greatest* (Lk 22:24); and was addressed by Jesus in His last 'Table talk' during the Last Supper. Finally the disciples imbibed the true meaning of Jesus' teaching and practiced and preached the same. *Humble yourselves therefore under the mighty hand of God, so that he may exalt you in due time* (1 Pet 5:6). This is also echoed by St. James "*God opposes the proud, but gives grace to the humble*" (Js 4:6). Let's also heed to the exhortation of St. Paul- *Do nothing from selfish ambition or conceit, but in humility regard others as better than yourselves* (Phil 2:3) . In the words of St. Augustine, "It was pride that changed angels into devils; it is humility that makes men as angels."

b. **Humility personified : H.H. Marthoma Baselios Paulose II Catholicos**

Sometimes we classify people as humble or arrogant on hearsay or on the basis of a one off incident. A person who always says 'yes' to all may be wrongly counted as a very humble person and one who speaks the truth or questions injustice would be called as proud or arrogant. We see Moses who is angry against Pharaoh's hard heartedness (Ex 11:8), idolatry of Israelites (Ex 32:19), rebellion of Korah and company (Num 16:15). Yet the Bible speaks about Moses as *very humble, more so than anyone else on the face of the earth* (Num 12:3). So was Moses humble? Yes, indeed. Being humble doesn't mean being a silent spectator to injustice. Abraham Lincoln, one of the most popular US presidents, was also an epitome of humility. In his younger days, he once saw a black girl being auctioned as a slave in the slave market in New Orleans. *Abraham Lincoln said he felt a righteous indignation coming over him. And he said to his friend, "That is wrong, and one of these days, if I have a chance to stop it, I'm going to stop it."* He devoted his life to abolish slavery and signed the Emancipation Proclamation on January 1, 1863. In short, humility doesn't mean subservience!

His Holiness Moran Mar Baselios Marthoma Paulose II Catholicos was also a shining example of simplicity and humility. His Holiness wanted peace in the Church and Society. It was not a quick-fix peace arrangement which might fall apart in future, that the Catholicos yearned for. The dream was to have a litigation-free Church. It was a biblical based peace that His Holiness wished to have in the Malankara Church, a peace that originates from and completes in Justice. The attempts were to fulfil the vision of the Psalmist, *In his days may righteousness flourish and peace abound* (Ps 72:7). The Holy Father rightly believed that true peace can emanate only from righteousness and justice. However some people misinterpreted it as pride. But the conviction of the Catholicos emanated from the prophecy of Isaiah; *The effect of righteousness will be peace, and the result of righteousness, quietness and trust forever* (Is 32:17).

What Frederick Douglass said about Abraham Lincoln is true about the H.H. Paulose II Catholicos: "*Though high in position, the humblest could approach him and feel at home in his presence. Though deep, he was transparent; though strong, he was gentle; though decided and pronounced in his convictions, he was tolerant towards those who differed from him.*"

**Conclusion**

Let us remember the words of our Lord that "*Blessed are the meek, for they will inherit the earth* (Mt 5:5) and also "*Pride goes before destruction, and a haughty spirit before a fall*" (Prov 16:28). While describing humility, former Archbishop of Canterbury William Temple said *"Humility does not mean thinking less of yourself than of other people, nor does it mean having a low opinion of your own gifts. It means freedom from thinking about yourself at all."* ❑



## നിലപാടുകൾ ഒരാളുടെ വിശുദ്ധ ജീവിതത്തിന്റെ പ്രകാശനം

മുവാറ്റുപുഴ: 'നിലപാടുകൾ ഒരാളുടെ വിശുദ്ധ ജീവിതത്തിന്റെ പ്രകാശനമാണെന്നും, ആരുടെയെങ്കിലും അതിനോടുള്ള എതിർപ്പ് ആ വ്യക്തിയുടെ വിശുദ്ധ ജീവിതസാക്ഷ്യത്തെ ഇല്ലാതാക്കുന്നില്ല എന്നും മാർ ആലഞ്ചേരി പ്രസ്താവിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ പരിശുദ്ധ കാതോലിക്കാബാവയുടെ വേർപാടിൽ നടത്തിയ സ്മരണാഞ്ജലിയിൽ ഉദ്ഘാടന പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. സ്വയംനിർണ്ണയ അവകാശമുള്ള സഭകളിൽ എല്ലാം തർക്കമുണ്ട്, എന്നാൽ അതു പരിഹരിക്കുന്നതിനുള്ള പ്രവർത്തനം അതിനുള്ളിൽ നിന്നുതന്നെ നൈസർഗികമായി ഉരുത്തിരിഞ്ഞു വരണം. അതാണ് ക്രിസ്തീയ സഭകളുടെ പ്രത്യേകത.

ബാഹ്യസമ്മർദ്ദങ്ങൾ കൊണ്ടുണ്ടാവുന്ന പ്രശ്നപരിഹാരങ്ങൾ പലപ്പോഴും ശാശ്വതമായ ഒരു പരിഹാരം സൃഷ്ടിക്കില്ല. അതുകൊണ്ട് കൂടിയാണ് മലങ്കര സഭാ തർക്കത്തിൽ ഒരു മീഡിയേറ്റർ എന്നനിലയിൽ തർക്കം തന്നോട് പരിഹരിക്കാൻ കഴിയില്ലേ എന്ന് ചോദിച്ചവരോട് തന്റെ അഭിപ്രായം ഇതാണ് എന്ന് പറഞ്ഞത്.

പരുമല ആശുപത്രിയിൽ പ. ബാവയെ സന്ദർശിച്ചപ്പോൾ പ. ബാവാക്കു വേണ്ടി പ്രാർഥിക്കാൻ സീറോ മലബാർ സഭയിൽ പറയട്ടെ എന്ന് ചോദിച്ചപ്പോൾ 'പ്രാർഥിച്ചുകൊള്ളൂ, പക്ഷെ അതെന്റെ ആയുസ്സ് നീട്ടികിട്ടാൻ വേണ്ടി ആവരുത്' എന്ന് പ. ബാവ പറഞ്ഞു, അത്രത്തോളം തന്റെ ജീവനേക്കാൾ സഭയെ സ്നേഹിക്കുകയും ക്രിസ്തീയ പ്രത്യാശയോടെ ജീവിക്കുവാനും പ. ബാവക്കു സാധിച്ചു.

ചിലർ അങ്ങനെയാണ് അവർ വിടവാങ്ങുമ്പോഴാണ് അവർ ആരായിരുന്നു എന്ന് നാം അറിയുക, തീർച്ചയായും പ. ബാവായുടെ ദീനാനുകമ്പ സ്വർഗരാജ്യത്തിന്റെ താക്കോൽ അദ്ദേഹം കൈവശപ്പെടുത്തി എന്നതിന്റെ സാക്ഷ്യമാണ് എന്ന് സിറോ മലങ്കര മുവാറ്റുപുഴ രൂപത അധ്യക്ഷൻ യൂഹാനോൻ മാർ തെയോഡോഷ്യസ് പറഞ്ഞു..

പ. പിതാവ് തന്റെ വേർപാടിന് രണ്ടാഴ്ച മുൻപേ സഭക്കു ലഭ്യമായ സ്വയനിർണ്ണായവകാശത്തെ ഹനിക്കാതെയുള്ള സമാധാനസ്ഥാപനം ഉണ്ടാവണം അതാണ് തന്റെ ആഗ്രഹം, എന്നും സഭാ സമാധാനത്തിനു സഭക്ക് ലഭിച്ച ഘടനപരമായ അടിസ്ഥാനത്തിൽ പ്രവർത്തിക്കണമെന്നും തന്നോട് പറഞ്ഞതായി ഡോ.തോമസ് മാർ അത്താനാസിയോസ് പറഞ്ഞു, നിർണ്ണായക സമയങ്ങളിൽ തന്നെ സ്നേഹപൂർവ്വം വിശ്വസിച്ചു ഉത്തരവാദിത്വങ്ങൾ പ. ബാവ എല്പിച്ചുതന്നിട്ടുണ്ടെന്നും തന്റെ പ്രാപ്തിക്കൊത്തവണ്ണം ആയതു ചെയ്യുവാൻ സാധിച്ചു എന്നാണ് താൻ കരുതുന്നതെന്നും തിരുമേനി പറഞ്ഞു. പ. പിതാവ് ആഗ്രഹിച്ച ശാശ്വത സമാധാനം, വ്യവഹാരരഹിത സഭ' എന്നിവയുടെ ലക്ഷ്യപ്രാപ്തിക്കായി നാം ഒരുമിച്ചു പ്രവർത്തിക്കണമെന്നും തിരുമേനി പറഞ്ഞു.

ഭദ്രാസന സെക്രട്ടറി ഫാ.എബ്രഹാം കാരമേൽ സ്വാഗതവും, കത്തീഡ്രൽ വികാരി ഫാ. ഷിബു കുര്യൻ നന്ദിയും പറഞ്ഞു. യോഗത്തിന് മുന്നോടിയായി നടന്ന അനുസ്മരണ ശുശ്രൂഷക്ക് കർദിനാൾ മാർ ആലഞ്ചേരി മുഖ്യകാർമ്മികത്വം വഹിച്ചു.

## ഡോ. പ്രസാദ് എബ്രഹാം അന്തരിച്ചു



സെന്റ് ലൂയി, മിസൂറി: ഫിസിഷ്യനും ഒട്ടേറെ സാമൂഹിക ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയനുമായിരുന ഡോ. പ്രസാദ് എബ്രഹാം (69) അന്തരിച്ചു.

പോലീസ് സർക്കിൾ ഇൻസ്പെക്റ്റർ ആയിരുന്ന കെ. എം. എബ്രഹാമിന്റെയും ഹെഡ്മിസ്ട്രസായിരുന്ന തങ്കമ്മ ഏബ്രഹാമിന്റെയും പുത്രനാണ്.

ഭാര്യ ജെസി എബ്രഹാം 2010-ൽ അന്തരിച്ചു. പുത്രി ഡോ. സീന എബ്രഹാം 2017-ലും അന്തരിച്ചു. മറ്റു മക്കൾ: ഷീല എബ്രഹാം, മാത്യു എബ്രഹാം.

ഇൻഷുറൻസ് ഇല്ലാത്തവർക്കും മറ്റും എന്നും സൗജന്യ ചികിൽസ നൽകുന്നതിനു അദ്ദേഹം മുന്നിലുണ്ടായിരുന്നു. സെറ്റ് ലൂയിയിലെ ഓർത്തഡോക്സ് ചർച്ച് സ്ഥാപനത്തിൽ പ്രധാന പങ്കു വഹിച്ചു.


ആശ്രമം ഇംഗ്ലിഷ് സ്കൂളിലും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജിലും പഠന ശേഷം ബീഹാറിലെ ഗയയിൽ നിന്ന് മെഡിക്കൽ ബിരുദമെടുത്തു.

അന്തരിച്ച ഗീവർഗീസ് മാർ ഒസ്താത്തിയോസിനു ഹൃദയ ശസ്ത്രക്രിയ വേണ്ടി വന്നപ്പോൾ അത് സെന്റ് ലൂയിയിൽ നടത്താൻ ഡോ. പ്രസാദ് ആണ് മുന്കൈ എടുത്തത്. പ. മാത്യൂസ് രണ്ടാമൻ, പ. ദിദിമോസ് പ്രഥമൻ എന്നീ കാതോലിക്കാ ബാവാമാരുടെ ശസ്ത്രക്രിയക്കും നേതൃത്വം നല്കി.

## ശ്രേഷ്ഠാചാര്യ പ്രണാമം

തിരുവല്ല: കേരളാ കൗൺസിൽ ഓഫ് ചർച്ച്സിന്റെ നേതൃത്വത്തിൽ ശ്രേഷ്ഠാചാര്യ പ്രണാമം (പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അനുസ്മരണം സമ്മേളനം) 2021 ജൂലൈ 25 ഞായർ വൈകിട്ട് 6 മണിക്ക് തിരുവല്ല കാവുംഭാഗം കട്ടപ്പുറം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയിൽ നടക്കും.

കെ.സി.സി പ്രസിഡന്റ് ബിഷപ്പ് ഉമ്മൻ ജോർജ് അദ്ധ്യക്ഷത വഹിക്കും. സംസ്ഥാന കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. ഡോ. തീയോഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്താ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്ത, കെ.സി.സി. വൈസ് പ്രസിഡന്റ് ഡോ. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത, മാത്യൂസ് മാർ സിൽവാനിയോസ് മെത്രാപ്പോലീത്താ എന്നിവർ അനുസ്മരണ പ്രഭാഷണങ്ങൾ നടത്തും.



**ഫാ. സ്റ്റാൻ സ്വാമിയുടെ ഭൗതിക ചിതാഭസ്മത്തിൽ, ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് ആദരാഞ്ജലികൾ അർപ്പിച്ചു. തുടർന്ന് മലങ്കര കന്യാകുമാരിയിലുള്ള ഈശോ സഭയുടെ ചുമതലക്കാർക്ക് ചിതാഭസ്മം കൈമാറി.**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

# പ. കാതോലിക്കാ ബാവ തിരുമേനിക്ക് ആദ്യ സ്മാരകമന്ദിരം കുന്നംകുളം ബഥനി സ്കൂളിൽ

'പരി പിതാവിന്റെ അന്ത്യശേഷം ആദ്യമായി ഒരു സ്മാരകം കുന്നംകുളം ബഥനി തന്നെ ഒരുക്കുന്നതിൽ അതിയായി അഭിമാനിക്കുന്നു.

അതോടൊപ്പം പരി.പിതാവിൽ നിന്നു ബഥനിക്കുണ്ടായിട്ടുളള നിരവധി ഓർമ്മകൾ സ്മൃതി പദത്തിൽ വരുന്നു.

കുന്നംകുളത്തിന് എന്നും അഭിമാനിക്കാവുന്ന കാര്യങ്ങളെ ബഥനിയിൽ നിന്നുണ്ടായിട്ടുള്ളൂ.

*പ്ലേഗ് രോഗത്തിന്റെ ഹോസ്പിറ്റൽ

*മതസൗഹാർദത്തിന്റെ ഈറ്റില്ലം

*സാംസ്കാരിക കേന്ദ്രം ലരേ

................................................




കുന്നംകുളം: കുന്നംകുളത്തു ജനിച്ചു വളർന്ന് നാടിന്റെ അഭിമാനമായി മാറിയ കാലം ചെയ്ത പരിശുദ്ധ മോറോൻ മാർ ബസേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവയ്ക്ക് ആദ്യ സ്മാരകം സ്വന്തം നാട്ടിൽ.

കുന്നംകുളം ഇംഗ്ലീഷ് മീഡിയം ബഥനി സ്കൂളിന്റെ വിശുദ്ധ ദേവാലയത്തിലാണ് പരിശുദ്ധ ബാവ തിരുമേനി ഒരു അൾത്താര ബാലനായിത്തീർന്നത്. (അദ്ദേഹത്തിന്റെ ആത്മീക പിതാവായ ഫാ ഗീവർഗ്ഗീസ് മാറനാട് അച്ചനിൽ നിന്നും ) ബഥനിയിലാണ് അദ്ദേഹത്തിന്റെ ആധ്യാത്മിക ജീവിതത്തിന് ആരംഭം കുറിച്ചതും നാന്ദി കുറിച്ചതും.

ഇന്നു ഹയർ സെക്കൻഡറി സ്കൂളായി 3000ൽ അധികം വിദ്യാർഥികൾ പഠിക്കുന്ന പ്രദേശത്തെ പ്രമുഖ വിദ്യാലയമാണ് ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ. ഈ സ്കൂളിലെ ഹയർ സെക്കണ്ടറി ബ്ലോക്ക് ഇനി പരിശുദ്ധ ബാവാ തിരുമേനിയുടെ സ്മരണാർത്ഥം മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതിയൻ മെമ്മോറിയൽ ബ്ലോക്കായി ബഥനി ആശ്രമ സുപ്പീരിയർ റവ. ഫാ സഖറിയ ഒ ഐ സി ഓൺലൈനിൽ നടന്ന ബഥനി സ്കൂളുകളുടെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ പ്രഖ്യാപിച്ചു.

അനുസ്മരണ ചടങ്ങിൽ സ്കൂൾ മാനേജർ ഫാ. ബെഞ്ചമിൻ ഒ ഐ സി ബഥനി സ്കൂളുകളിലെ വിദ്യാർത്ഥി പ്രതിനിധികൾ പരിശുദ്ധ പിതാവിന് അശ്രുപൂജ അർപ്പിക്കുകയും, ഫാ. സഖറിയാ ഒ ഐ സി, ഫാ. സോളമൻ ഒ ഐ സി, ഫാ. മത്തായി ഒ ഐ സി, ബ്ലൂമിങ് ബഡ്സ് ബഥന്യ സീനിയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ ഷേബ ജോർജ്, തുടങ്ങിയവർ സംസാരിച്ചു.



## അത്താനിക്കൽ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച കേസിൽ നിർണ്ണായക വിധി

കൊച്ചി: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മണ്ണത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയുടെ കീഴുള്ള അത്താനിക്കൽ ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച കേസിൽ നിർണ്ണായക വിധി. വികാരി ഫാ. ഏലിയാസ് ജോൺ മണ്ണാത്തിക്കുളം, കൈക്കാരൻമാരായ ബേബി വി. വി വലിയാനാപ്പുറമ്പിൽ, പോളി ഐസക്ക് ചെമ്മകുഴ എന്നിവർ നൽകിയ കേസിലാണ് വിധി. നിലവിലെ വാടകക്കാർ അനധികൃതമായി മുറികൾ കൈവശം വച്ചു എന്ന് കോടതി കണ്ടെത്തി. നാളിതുവരെ കുടിശ്ശിക വരുത്തിയ മുഴുവൻ വാടകയും, അതിന്റെ പലിശയും നൽകുവാനും കൂടാതെ മുറി ഒഴിവായി നൽകുവാനും ചെലവ് സഹിതം വിധിയായി. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭക്കു വേണ്ടി അഡ്വ. തോമസ് അധികാരം ഹാജരായി. സഭാ തർക്കം നിലനിന്നിരുന്ന മണ്ണത്തൂർ ഇടവക 2017 ജൂലൈ 3 വിധിയോടെ സ്വതന്ത്രമായി എങ്കിലും വിഘടിത വിഭാഗത്തിന്റെ ഒത്താശയോടെ താത്പര കക്ഷികൾ കടമുറികൾ കൈവശം വച്ചു വരുകയായിരുന്നു.

## മലങ്കര സഭയുടെ നീതിസൂര്യൻ പ്രകാശനം ചെയ്തു

ചെങ്ങന്നൂർ ഭദ്രാസനത്തിലെ ഫാ. യൂഹാനോൻ രചനയും ജോസി പുല്ലാട് സംഗീതവും നൽകിയ 'മലങ്കര സഭയുടെ നീതി സൂര്യൻ' എന്ന ഡോക്യുമെന്ററി സി.ഡി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത പ്രകാശനം ചെയ്തു. അനു അലക്സ് ആണ് ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്. ഫാ. കെ.ഒ. തോമസും, ഫാ. എബ്രഹാം കോശി കുന്നുംപുറത്തും, ലിജോ എബ്രഹാമും പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് ആദരമർപ്പിച്ചുകൊണ്ട് തയ്യാറാക്കിയ ഡോക്യുമെന്ററിയുടെ ഭാഗമായി.



## ഫാ. റ്റി. യൂഹാനോൻ നിര്യാതനായി

കൊല്ലം ഭദ്രാസനത്തിലെ സീനിയർ വൈദികൻ കുണ്ടറ മുളമൂട്ടിൽ റ്റി. ജെ. സദനത്തിൽ ഫാ. റ്റി. യൂഹാനോൻ നിര്യാതനായി. ശവസംസ്കാരം കുണ്ടറ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.



കോലഞ്ചേരി സെന്റ്. പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽ നിന്നും നിർമ്മിച്ചു നൽകുന്നആറാമത്തെ ഭവനത്തിന്റെ കൂദാശ കർമ്മം ഇന്ന്, ഇടവക മെത്രാപ്പോലീത്ത ഡോ. മാത്യുസ് മാർ സേവേറിയോസ് നിർവ്വഹിച്ചു. വികാരി ഫാ. ജേക്കബ് കുര്യൻ, സഹവികാരിമാരായ ഫാ. ആൻഡ്രുസ്, ഫാ. ജോബി എന്നിവരും പങ്കെടുത്തു.



ഗീവറുഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ 22-ാമത് ഓർമ്മപ്പെരുന്നാൾ റാന്നി ഹോളി ട്രിനിറ്റി ആശ്രമത്തിൽ കൊണ്ടാടി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത വി. കുർബാനയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത, ജോഷ്വ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത എന്നിവർ സഹകാർമികത്വം വഹിച്ചു.



ப. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ ബാവായുടെ 9-ാം ചരമദിനം ബറോഡാ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ നടത്തപ്പെട്ടു. പ. ബാവാ തിരുമേനിയുടെ അനുസ്മരണ സമ്മേളനത്തിൽ, പ്രമുഖ വ്യവസായി രാജേഷ് നമ്പ്യാർ മുഖ്യപ്രഭാഷണം നടത്തി. വികാരി ഫാ. വർഗീസ് ടിജു ഐപ്പ്, സഹവികാരിമാരായ ഫാ. സജു പടാച്ചിറ, ഫാ. മാത്യു ജോർജ് എന്നിവരും, ഫാ. ജോജി ജോർജ്, ആത്മീയ സംഘടനാപ്രവർത്തകർ, ട്രസ്റ്റി, റജി. പി. മാത്യു, സെക്രട്ടറി ഏബ്രഹാം ജേക്കബ് എന്നിവരും അനുസ്മരണ സന്ദേശങ്ങൾ നൽകി.



## പ. പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തിൽ അനുശോചനം നടത്തി

ഷോളയാർ: അട്ടപ്പാടി ഷോളയൂർ വരടിമല എസ്റ്റേറ്റ് സെന്റ് ഗ്രീഗോറിയോസ് ചാപ്പലിൽ 20-7-21 വ്യാഴാഴ്ച രാവിലെ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ പ. ബാവായുടെ ദേഹവിയോഗത്തിന്റെ 11-ാം ദിനത്തിലെ വി. കുർബ്ബാന അർപ്പിച്ച് പ്രത്യേക ധൂപപ്രാർത്ഥന നടത്തി. അതിനുശേഷം നടന്ന അനുശോചനയോഗത്തിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ്, വരടിമല എസ്റ്റേറ്റ് ചാപ്ലിൻ ഫാ. സുധാ പോൾ റമ്പാൻ, സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ സാജൻ പുലിക്കോട്ടിൽ എന്നിവർ പ. ബാവായെക്കുറിച്ച് അനുസ്മരണ പ്രസംഗം നടത്തി. ഫാ. സുധാ പോൾ റമ്പാൻ നന്ദി പറഞ്ഞു. ഡോ. ചാക്കോ മണ്ണാർകാട്, ലെനി ചാക്കോ എന്നിവരും എസ്റ്റേറ്റ് സ്റ്റാഫ്, വർക്കേഴ്സ് എന്നിവരും സംബന്ധിച്ചു.



ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ഓർമ്മ കുർബ്ബാനയ്ക്കും തുടർന്ന് നടന്ന ധൂപ പ്രാർത്ഥനയ്ക്കും ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മുഖ്യ കാർമികത്വം വഹിച്ചു. ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്ത, വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, യു .കെ - യൂറോപ്പ് - ആഫ്രിക്ക ഭദ്രാസനത്തിലെയും ചെങ്ങന്നൂർ ഭദ്രാസനത്തിലെയും വൈദിക സംഘം പ്രതിനിധികൾ, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, കൗൺസിൽ അംഗങ്ങൾ, എം.ഒ.സി. പബ്ലിക്കേഷൻ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



പ. ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ നിര്യാണത്തിൽ അനുശോചിച്ച് ഇന്ത്യൻ അസോസിയേഷൻ ഷാർജ പ്രതിനിധികൾ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ദേവാലയത്തിൽ എത്തി ആദരാഞ്ജലികൾ അർപ്പിച്ചു.